പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *121 — 26.06.2009-ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീഎ.എം. യൂസഫ്<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ.പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും<br>വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(എ) ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) സംസ്ഥാനത്തുള്ള 7 ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും ലഭിച്ച ആറര കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
2) ആശുപത്രി വികസന സമിതികൾ രൂപീകരിച്ചു.
3) സ്വന്തമായി കെട്ടിടമില്ലാത്ത 89 ഇ.എസ്.ഐ. ഡിസ്പെൻസറികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് മൈനാഗപ്പള്ളിയിൽ കെട്ടിടം പണി പൂർത്തിയാക്കുകയും ചെയ്തു. ആശ്രാമം, മൈലം എന്നിവിടങ്ങളിൽ കെട്ടിടം പണി പുരോഗതിയിലുമാണ്. മറ്റുള്ള ഡിസ്പെൻസറികൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള പരിശ്രമം നടക്കുന്നു.

4) Plan Fund വിനിയോഗിച്ച് പ്രമേഹരോഗ നിർണ്ണയം ഡിസ്പെൻസറികളിൽ ആരംഭിച്ചു.
5) ആംബുലൻസ് സൗകര്യമുള്ള അഞ്ച് ആശുപത്രികൾക്ക് പുറമേ പുതിയതായി 5 ആശുപത്രികൾക്ക് കൂടി ആംബുലൻസുകൾ വാങ്ങി നൽകി.
6) മെഡിക്കൽ റീ- ഇംബേഴ്സ്മെന്റ് നടപടികൾ ഉദാരമാക്കി.
7) രോഗ പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തി.
8) ആശ്രാമം ആശുപത്രി മോഡൽ ആശുപത്രി ആക്കുകയും ഉദ്യോഗമണ്ഡൽ ആശുപത്രി മോഡൽ ആശുപത്രി ആക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.
9) ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ടു ചെയ്തു.
10) മഴക്കാല രോഗങ്ങൾ തടയുന്നതിനുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിന് 10,000 രൂപ വീതം എല്ലാ ആശുപത്രികൾക്കും ഡിസ്പെൻ സറികൾക്കും നൽകി.
11) ആശ്രിത ചികിത്സക്ക് ഏർപ്പെടുത്തിയിരുന്ന പരിധി എടുത്തു കളഞ്ഞു.
12) എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾ വഴി ക്യാഷ്‌ലെസ്സ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയും സ്പെഷ്യാലിറ്റി ചികിത്സയും ഏർപ്പെടുത്തി.

ബി) ഇ.എസ്.ഐ. മെഡിക്കൽ കോളേജും ദന്തൽ കൊളേജും ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

**(ബി)** പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനും എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ ഡന്റൽ കോളേജ് ആരംഭിക്കുന്നതിനുമുള്ള കേരള യൂണിവേഴ്സിറ്റിയുടെ സമ്മതപത്രവും, സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിക്കുകയും കോളേജ് കെട്ടിടങ്ങളുടെ പ്ലാൻ ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ആന്റ് ലൈഫ് കെയർ ലിമിറ്റഡിനെയാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടി പുരോഗമിച്ചു വരുന്നു.

| | |
|---|---|
| സി) ഇ.എസ്.ഐ. ആശുപത്രി യോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | **(സി)** സംസ്ഥാനത്തെ 12 ഇ.എസ്.ഐ. ആശുപത്രികളോടനുബന്ധിച്ച് നഴ്സിംഗ് കോളേജുകൾ തുടങ്ങുന്ന കാര്യം ഇ.എസ്.ഐ. കോർപ്പറേഷൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| ഡി) ഇ.എസ്.ഐ. പരിരക്ഷ സംസ്ഥാനത്ത് എത്ര തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ? | **ഡി)** 2009 ജൂൺ 1-ാം തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 6,58,823 തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നുണ്ട്. |

Sushama S

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 122 | 26..06..2009 ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.എ.കെ.ബാലൻ (പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) 'സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷൻ' പദ്ധതിയിലൂടെ സർക്കാർ ഇതിനകം നടപ്പാക്കിയ പദ്ധതികളും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും ഏതൊക്കെയെന്നു വിശദീകരിക്കാമോ;

(എ) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ നടപ്പിലാക്കിയവയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവയുമായ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്ന പ്രകാരമാണ്.

**പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ:-**

- വിദൂര ഗ്രാമ വൈദ്യുതീകരണ പരിപാടിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.
- ജില്ലാ പഞ്ചായത്തുകളുമായി ചേർന്ന് നടപ്പാക്കുന്ന വികേന്ദ്രീകൃത ഊർജ്ജോല്പാദന പ്രോജക്ടുകളായ ജൈവദ്രവ്യ ഗ്യാസിഫയർ, സാമൂഹിക ജൈവ വാതക പ്ലാന്റുകൾ, സമൂഹ പാചകത്തിനുതകുന്ന സൗര അടുപ്പ് തുടങ്ങിയവക്കുള്ള വിശദാംശ പ്രോജക്ട് രേഖകൾ (ഡി.പി.ആർ) തയ്യാറാക്കി.
- ഒരു ദശലക്ഷം സി.എഫ്.എൽ. പദ്ധതിയുടെ ഭാഗമായി പ്രാഥമിക

വിവരശേഖരണം നടത്തി ഗുണ ഭോക്തൃ ലിസ്റ്റ് തയ്യാറാക്കി സി.എഫ്. എൽ. വിതരണത്തിനുള്ള നടപടികൾ പൂർത്തിയാക്കി. വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കഴിഞ്ഞു. ജില്ലാതല ഉദ്ഘാടനങ്ങൾ നടന്നു വരുന്നു.

- ചെറുകിട ജലവൈദ്യുതി ഉൽപാദന സാദ്ധ്യതാ പ്രദേശങ്ങളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ 12 ജില്ലകളിലാകെയുള്ള 850 ഓളം സൈറ്റുകളുടെ പ്രാഥമിക സർവ്വേ പൂർത്തിയാക്കി.

**നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ.**

- 20 മെഗാവാട്ട് ശേഷിയുള്ള ജൈവ ദ്രവ്യ ഗ്യാസിഫയറുകൾ (ജൈവ ദ്രവ്യ ഗ്യാസിഫയർ അധിഷ്ഠിത ശ്മശാനം ഉൾപ്പെടെ) സ്ഥാപിക്കുന്ന പ്രവർത്തനം.
- 650 മീറ്റർ ക്യൂബ് ശേഷിയുള്ള ജൈവ വാതക പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം.
- 3 സൗരോർജ്ജ അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം.
- 200 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള വിശദാംശ പഠനരേഖ തയ്യാറാക്കൽ.
- പുതിയ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിതരണം (എൽ.ഇ.ഡി. വിളക്കുകൾ, എൽ.ഇ.ഡി. സൗര വിളക്കുകൾ തുടങ്ങിയവ ഉൾപ്പെടെ)

| | |
|---|---|
| | • തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സമഗ്ര ഊർജ്ജ വികസനം നടത്തുന്നതിനും അതിനായി കാർബൺ ക്രഡിറ്റ് ലഭ്യമാക്കുന്നതിനും അടിസ്ഥാനമാക്കാവുന്ന തദ്ദേശ ഭരണ സ്ഥാപനതല സമഗ്ര ഊർജ്ജ പദ്ധതി തയ്യാറാക്കൽ. |
| (ബി) ഈ പദ്ധതികൾക്കായി എന്തു തുക കേന്ദ്രസഹായമായി ഇതിനകം ലഭിച്ചിട്ടുണ്ട്; ഇതിൽനിന്ന് എത്ര തുക ചെലവഴിച്ചു; | (ബി) വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതിക്ക് കേന്ദ്രസഹായമായി 4.79 കോടി രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. |
| (സി) ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് ഇതിനുകീഴിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) ഭാവിയിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പദ്ധതികൾ:-<br>1. നഗര പ്രദേശങ്ങളിലെ വഴിവിളക്ക് സംവിധാനം നവീകരിക്കാനുള്ള പദ്ധതി. ഈ വർഷം 24 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>2. 50 മെഗാവാട്ട് ശേഷിയുള്ള 200 ചെറുകിട ജലവൈദ്യുത പദ്ധതികൾ ധനമന്ത്രിയുടെ മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി നടപ്പാക്കൽ, പേരാവൂർ ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന 19 മിനി ജലവൈദ്യുത പദ്ധതികളും ഈ പരിപാടിയിൽ പെടുന്നതാണ്.<br>3. കേരളത്തിൽ പാചകത്തിന് വിറക് ഉപയോഗിക്കുന്ന മുഴുവൻ വീടുകളിലും മെച്ചപ്പെട്ട വിറകടുപ്പ് നൽകാൻ ഉദ്ദേശിക്കുന്നു. |

4. ഹോട്ടലുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ പ്രത്യേക ഊർജ്ജ സംരക്ഷണ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.
5. ബ്ലോക്ക് തലത്തിൽ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വിതരണം ചെയ്യാനും, സ്ഥാപിച്ച ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാനും സംരംഭകരെ സൃഷ്ടിക്കുന്ന ഊർജ്ജ മാർട്ട് പരിപാടി.
6. കെ.എസ്.ഇ.ബി. യുടെ സഹായത്തോടെ 2 കോടി സി.എഫ്.എൽ. വിതരണത്തിനുള്ള പരിപാടിയും തയ്യാറാക്കി വരുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ബച്ചത് ലാമ്പ് യോജന പരിപാടിയുമായി ബന്ധിപ്പിച്ച് ഇത് നടപ്പാക്കാനുള്ള സാദ്ധ്യതകളും പരിശോധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 123 26.06.2009-ൽ മറുപടിയ്ക്ക്

## രാജീവ് ഗാന്ധി ഗ്രാമീണവൈദ്യുതീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. കെ.സി. ജോസഫ് :<br>ശ്രീ.ടി.എൻ. പ്രതാപൻ : | ശ്രീ.എ.കെ ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണപദ്ധതി യുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ; | (എ) ഇടുക്കി ജില്ലയിൽ പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. കേരളത്തിൽ ഇടുക്കി ജില്ലയിലൊഴികെയുള്ള ജില്ലകളിലെ RGGVY പദ്ധതിയ്ക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടില്ല. സ്കീം പ്രകാരം എല്ലാ ജില്ലകൾക്കും വേണ്ടി പ്രോജക്ട് തയ്യാറാക്കി 2004-ൽത്തന്നെ കേന്ദ്ര സർക്കാരിന് നൽകിയിരുന്നു. ഇതിൽ 7 ജില്ലകളിലെ പദ്ധതിക്ക് അംഗീകാരം കിട്ടി. കഴിഞ്ഞ യു.ഡി. എഫ് സർക്കാർ കാലത്തു തന്നെ ടെണ്ടർ ചെയ്തു. എന്നാൽ ക്വാട്ട് ചെയ്യപ്പെട്ട തുക വളരെ ഉയർന്നതായതിനാൽ വർക്ക് അവാർഡ് ചെയ്തില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിലെ പണി അവാർഡ് ചെയ്തു. ബാക്കി പണികൾ നടപ്പിലാക്കാൻ NTPC യെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഇടുക്കിയൊഴികെയുള്ള പദ്ധതികൾക്ക് പണം ലഭിക്കുകയുണ്ടായില്ല. ഇവ പതിനൊന്നാം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് മാറ്റിയിരിക്കുന്നുവെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. |

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ജില്ല കളിൽ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടു ത്തുമോ ;

(ബി) ഉണ്ട്. ഇടുക്കി ജില്ലയിൽ ഇതുവരെ 20 വില്ലേജുകളിലായി 11,525 സർവ്വീസ് കണക്ഷനുകൾ നൽകിയി ട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു.

(സി) ആർ.ജി.ജി.വി.വൈ. പദ്ധതി ആരംഭി ക്കുവാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ കണക്ഷൻ നൽകു വാൻ ഏർപ്പെടുത്തിയ നിയന്ത്രണ ങ്ങൾ പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശ ങ്ങൾ വ്യക്തമാക്കുമോ ?

(സി) മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷൻ എടുക്കുന്ന ഉപഭോക്താക്കൾ നേരിടേണ്ടി വരുന്ന അധിക ബാദ്ധ്യത ഒഴിവാക്കി നൽകുവാൻവേണ്ടി ഗാർഹിക കാർ ഷിക ഉപഭോക്താക്കളുടെ മിനിമം ഗ്യാരന്റി വ്യവസ്ഥ കഴിഞ്ഞ യു.ഡി. എഫ് സർക്കാരിന്റെ കാലത്ത് 01.04.2005 മുതൽ ബോർഡ് നിർത്തലാക്കുകയുണ്ടായി. ഗാർ ഹിക കാർഷിക ഉപഭോക്താക്കളുടെ മിനിമം ഗ്യാരന്റി വ്യവസ്ഥ പുന:സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:124** **26-06-2009-ൽ മറുപടിക്ക്**

### ആറളം ആദിവാസി പുനരധിവാസ പദ്ധതി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ<br>ശ്രീ.സി.കെ.പി. പത്മനാഭൻ<br>ശ്രീ.കെ.വി. കുഞ്ഞിരാമൻ | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ | ആറളം ആദിവാസി പുനരധിവാസ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | ഭൂരഹിതരും നാമമാത്ര ഭൂമി ഉള്ളവരുമായ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തി പുനരധിവസിപ്പിക്കുന്ന ആദിവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമായാണ് ആറളം പുനരധിവാസ പദ്ധതി ആവിഷ്ക്കരിച്ചത്. കണ്ണൂർ, വയനാട് ജില്ലകളിലെ പരമാവധി ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം നടത്തി പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ച് കേന്ദ്ര സർക്കാരിൽ നിന്നും 2004-ൽ 3060 ഹെക്ടർ വിസ്തൃതിയുള്ള ആറളം ഫാം 42.09 കോടി രൂപ വില നൽകി വാങ്ങുകയും പകുതി ഭാഗം ഭൂരഹിത ആദിവാസികൾക്ക് വിതരണം നടത്തുന്നതിനും, പകുതി ഭാഗം ഫാം ആയി നിലനിർത്തുന്നതിനും തീരുമാനിച്ചു<br><br>പുനരധിവാസത്തിനായി മാറ്റി വച്ചിട്ടുള്ള പകുതി ഭാഗത്ത് ഭൂരഹിത ആദിവാസി കുടുംബങ്ങളെ ഒരേക്കർ ഭൂമി വീതം നൽകി അവർക്ക് താമസ യോഗ്യമായ വീട്, കുടിവെള്ളം, വെളിച്ചം, റോഡ്, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവയും സുസ്ഥിര വരുമാനത്തിനുതകുന്ന പദ്ധതികളും നടപ്പാക്കി പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി പ്രദേശത്ത് ഇതു വരെ കണ്ണൂർ ജില്ലയിലുള്ള 2335 ഭൂരഹിത/നാമമാത്ര ഭൂമിയുള്ള ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. |
| ബി | പദ്ധതി അനുസരിച്ച് ഇതു വരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | പദ്ധതിയുടെ ഭാഗമായി ഫാമിന്റെ പകുതി ഭാഗത്ത് സർവ്വേ പൂർത്തിയാക്കി തിരിച്ചിട്ടുള്ള ഒരേക്കർ വീതമുള്ള പ്ലോട്ടുകൾ കണ്ണൂർ ജില്ലയിലെ 2335 ആദിവാസി കുടുംബങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പകുതി ഭാഗം സർക്കാരിന്റെ ഒരു കമ്പനിയായി നിലനിർത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിതരണം നടത്തിയ ഭൂമിയിൽ ഇതുവരെ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | 1) പുനരധിവാസ പ്രദേശത്ത് താമസിക്കുന്ന റേഷൻകാർഡില്ലാത്ത എല്ലാ കുടുംബങ്ങൾക്കും ബി.പി.എൽ. റേഷൻ കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുകയും ഒരു റേഷൻ കട തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br>2) പുനരധിവാസ ഭൂമിയിൽ എത്തിയിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും കുടിൽ നിർമ്മാണത്തിനായി 3000/- രൂപ വീതവും കാർഷികോപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.<br>3) ഭൂമി വിതരണം നടത്തിയിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനും, വീട് വയറിംഗ് ചെയ്യുന്നതിനും, കുടിവെള്ള വിതരണത്തിനും, വിവിധ ട്രേഡുകളിൽ പരിശീലനം നടത്തുന്നതിനുമുള്ള **29.339** കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ടി പദ്ധതി 20 മാസത്തിനകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ 13-10-2008-ൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാറിലേർപ്പെടുകയും ചെയ്തു. 600-ഓളം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു<br>4) ആറളം അപ്പർ പ്രൈമറി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് ഒരു മിനി ബസ് വാങ്ങുകയും കുട്ടികളെ കൃത്യമായി സ്കൂളിലെത്തിക്കുകയും ചെയ്തു വരുന്നു.<br>5) ആറളത്ത് പുനരധിവസിപ്പിച്ചിട്ടുള്ള പട്ടികവർഗ്ഗ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമത്തിനായി 7 അംഗൻവാടികൾ പുനരധിവാസ പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്.<br>6) പുനരധിവാസ മേഖലയിലുള്ള ഉൾപ്രദേശ റോഡ് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് മുഖേന പുനരുദ്ധരിക്കുന്നതിന് 35 ലക്ഷം രൂപയുടെ പണി ആരംഭിച്ചിട്ടുണ്ട്.<br>7) ആറളം യു.പി.സ്കൂൾ വൈദ്യുതീകരിക്കുകയും മതിയായ ഫർണിച്ചർ വാങ്ങുകയും ഒരു കമ്പ്യൂട്ടർ ടീച്ചറെ താൽക്കാലികമായി നിയമിക്കുകയും, സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>8) പുനരധിവാസ പ്രദേശത്തുള്ള 'കക്കുവ' പാലം നിർമ്മാണം പൂർത്തീകരിച്ച് വരുന്നു.<br>9) ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിനായി ഒരു വാഹനം വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.<br>10) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കി വരുന്നുണ്ട്. പുനരധിവസിപ്പിക്കപ്പെട്ട എല്ലാ കുടുംബങ്ങളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരുന്നതിന് വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | 11) കൃഷി വകുപ്പിന്റെ ട്രൈബൽ സബ്പ്ലാനിൽപ്പെടുത്തി നടീൽ വസ്തുക്കൾ (തൈകൾ) പുനരധിവസിപ്പിക്കപ്പെട്ട എല്ലാ കുടുംബങ്ങൾക്കും വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി | പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് വീട് വച്ചു നൽകുമെന്ന് വെളിപ്പെടുത്തുമോ ; | പദ്ധതി അനുസരിച്ച് പുനരധിവസിപ്പിച്ചിട്ടുള്ളതും ഇനി പുനരധിവസിപ്പിക്കാനുള്ളതുമായ എല്ലാ കുടുംബങ്ങൾക്കും വീട് വച്ച് നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ **2557** കുടുംബങ്ങൾക്ക് ഭവന നിർമ്മാണം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയുമാണ്. |
| ഡി | കാർഷികോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി എന്തു തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ ; | കാർഷികോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി ആകെ 23,16,787/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഇ | പുനരധിവാസ പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ? | പുനരധിവാസ പദ്ധതി അടുത്ത രണ്ട് വർഷങ്ങൾക്കകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 125. 26.6.2009 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ. കളുടെ ആധുനികവത്കരണം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ വി. ശിവൻകുട്ടി:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. സാജു പോൾ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഐ.ടി.ഐ. കളുടെ ആധുനികവത്കരണത്തിന് ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഐ.ടി.ഐ. കളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതിപ്രകാരം സംസ്ഥാനത്തെ 22 ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആഭ്യന്തര ധനസഹായ പദ്ധതി, ലോകബാങ്ക് സഹായ പദ്ധതി, പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തിയാണ് ഇവ നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ രണ്ടാം ഗ്രേഡ് ഐ.ടി.ഐ. കളെ ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2007-08-ൽ ഒന്നും, 2008-09 ൽ 7 ഉം ഉൾപ്പെടെ 21 ഐ.ടി.ഐ. കൾ ഒന്നാം ഗ്രേഡായി ഉയർത്തുകയുമുണ്ടായി. ഇതുമൂലം കൂടുതൽ ആധുനിക ട്രേഡുകളും, നിലവിലുള്ള ട്രേഡുകളിൽ അധിക യൂണിറ്റും അനുവദിക്കുകയും ഉണ്ടായി. നടപ്പ് വർഷം 5 ഐ.ടി.ഐ. കൾ ഒന്നാം ഗ്രേഡ് ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിലബസ് പരിഷ്കരിച്ചതിന്റെ ഭാഗമായി അധികമായി ആവശ്യമുള്ള മെഷിനറികൾ സംഭരിച്ചുവരുന്നു. 10 ഐ.ടി.ഐ. കളിൽ ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ വർഷം 4 ഐ.ടി.ഐ. കളിൽ കൂടി ടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. എല്ലാ ഐ.ടി.ഐ. കളിലും ഐ.ടി. ലിറ്ററസി കോഴ്സ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) നടപ്പുവർഷം ഐ.ടി.ഐ. കളുടെ ആധുനികവൽക്കരണത്തിന് 15 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി പ്രകാരം 10 കോടി രൂപയും നടപ്പുവർഷം അനുവദിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതി പ്രകാരം 10 ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് 25 കോടി രൂപ പലിശരഹിത വായ്പയായും അനുവദിച്ചിട്ടുണ്ട്.

(സി) ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഈ കേന്ദ്രങ്ങളിൽ കൂടുതലായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്;

(സി) ഉണ്ട്. മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന ഐ.ടി.ഐ. കളിലെ തിയറി, വർക്ക്ഷോപ്പ് കെട്ടിടങ്ങൾ നവീകരിക്കുകയും ടി ട്രേഡുകളിൽ ആവശ്യമായ ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുകയും ഇൻസ്ട്രക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്

(ഡി) ഈ വർഷം എത്ര ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്ന് അറിയിക്കുമോ; ഇതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ഡി) ലോകബാങ്ക് ധനസഹായത്തോടെ ആര്യനാട്, കൊയിലാണ്ടി, കൽപ്പറ്റ എന്നീ 3 ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് പദ്ധതിയുണ്ട്. ഇതിനായി കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്രസഹായത്തിന്റെ ആദ്യ ഗഡുവായി 316 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ എട്ട് ഐ.ടി.ഐ. കൾ കൂടെ മികവിന്റെ കേന്ദ്രമാക്കാൻ കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. ഇതിന്റെ പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്.

(ഇ) ഐ.ടി.ഐ. കളിൽ, തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തൽ ചെയ്ത് പകരം ആധുനികവും തൊഴിൽ സാദ്ധ്യത കൂടിയതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) 'റീവാമ്പിംഗ് ഓഫ് ട്രേഡ്' എന്ന പദ്ധതിയുടെ ഭാഗമായി തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം തൊഴിൽ സാദ്ധ്യത കൂടിയ ആധുനിക ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

S. [signature]

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: 126 — 26.6.2009-ൽ മറുപടിയ്ക്ക്

**"ശബരിമല മാസ്റ്റർ പ്ലാൻ"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം:**<br>**പ്രൊഫ.സി. രവീന്ദ്രനാഥ്:**<br>**ശ്രീ. കെ.സി. രാജഗോപാലൻ:**<br>**ശ്രീമതി. അയിഷാ പോറ്റി:**<br>**ശ്രീ. വി.എൻ. വാസവൻ:** | **ശ്രീ. ജി. സുധാകരൻ**<br>**ബഹുമാനപ്പെട്ട സഹകരണവും**<br>**കയറും ദേവസ്വവും വകുപ്പ് മന്ത്രി.** |
| (എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;<br><br>(ബി) മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് ഹൈക്കോടതി കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (എ) & (ബി) ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാ[illegible] ക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ[illegible] മാസ്റ്റർപ്ലാൻ പ്രകാരമുള്ള പ്രവർത്തികൾ വേഗ[illegible] ത്തിൽ നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെ[illegible] ഹൈക്കോടതി അഡീഷണൽ ചീഫ് സെക്ര[illegible] (ദേവസ്വം) അദ്ധ്യക്ഷനായും, ദേവസ്വം ബോർഡ[illegible] മെമ്പർമാർ, ദേവസ്വം കമ്മീഷണർ, ബോർഡ[illegible] ചീഫ് എഞ്ചിനീയർമാർ, കെ.എസ്.ഇ.ബി[illegible] ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മുഖ്യ വനപാലകൻ[illegible] ഇക്കോസ്മാർട്ട് എന്നിവർ പ്രധാന അംഗങ്ങളായു[illegible] ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട[illegible] (ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ[illegible] 2.4.2009-ലെ ഡി.ബി.പി.3/09-ാം നമ്പർ ഉത്തരവ[illegible] മുഖേന) (ബോർഡിന്റെ കാലാവധി കഴിഞ്ഞത[illegible] നാൽ ബോർഡ് പ്രസിഡന്റും മെമ്പർമാരു[illegible] ഇപ്പോൾ കമ്മിറ്റിയിലില്ല) പ്രസ്തുത ഉന്നതാധികാര[illegible] സമിതി എല്ലാ ആഴ്ചയും യോഗം ചേരുകയു[illegible] പദ്ധതികൾ വിശകലനം ചെയ്യുകയും പ്രവർത്തി[illegible] കൾ അവലോകനം ചെയ്യുകയും മേൽനോട്ട[illegible] |

— — —

വഹിക്കുകയും ചെയ്യുന്നുണ്ട്. ബോർഡ് ചീഫ് കമ്മിഷണർ കൂടിയായ ബഹു. ദേവസ്വം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷത യിൽ മേൽ സമിതി മെച്ചപ്പെട്ട രീതിയിൽ പ്രവർ ത്തിച്ചു വരുന്നു. സർക്കാർ നിയമിച്ച അപ്പക്സ് കമ്മിറ്റിയുടെയും വർക്കിംഗ് കമ്മിറ്റിയുടെയും അധികാരങ്ങളും ചുമതലകളും കൂടി കോടതി ഉത്തരവു മുഖേന ഉന്നതാധികാര സമിതിക്ക് ലഭി ച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനങ്ങളെ സഹാ യിക്കുവാൻ ഒരു പ്രത്യേക ഓഫീസും ദേവസ്വം ബോർഡിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ മാസ്റ്റർപ്ലാൻ പദ്ധതികൾ ത്വരിതപ്പെടുത്താൻ ബഹു. ദേവസ്വം വകുപ്പ് മന്ത്രി മുൻകൈയെടുത്ത് നിരവധി യോഗങ്ങൾ ചേരുകയും നിർദ്ദേശങ്ങൾ നൽകുകയും ഒരു സബ്കമ്മിറ്റിയെ വച്ച് പദ്ധതി കളുടെ 5 വർഷത്തിനകം ചെയ്യേണ്ടവയുടെ മുൻ ഗണനാക്രമം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തികൾ എത്രയും വേഗം നടപ്പിലാക്കാൻ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽ കിയിട്ടുണ്ട്.

(സി) ഏതെല്ലാം പദ്ധതികളാണ് ഈ വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തെന്ന് വ്യക്തമാക്കുമോ; ഇതിന്റെ മൊത്തം ചെലവ് എത്ര കോടി രൂപയാണ് ?

(സി) ശബരിമല മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി വിവിധ സ്ഥലങ്ങളിലെ ലേ ഔട്ട് പ്ലാൻ തയ്യാറാക്കുവാനും റോപ്പ്‌വേ നടപ്പിലാക്കുന്നതു സംബന്ധിച്ച് വിശദ പഠനം നടത്തുവാനും, ക്യൂ കോംപ്ലക്സിന്റെ ഡിസൈൻ തയ്യാറാക്കുവാനും "എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് " ഉന്നതാധികാര സമിതി പരസ്യം നൽകി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ ശബരിമലയിലും പമ്പ യിലും താമസസൗകര്യം വിപുലപ്പെടുത്തുന്നതിനും പാണ്ടിത്താവളത്ത് 40ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള രണ്ട് കുടിവെള്ള സംഭരണികൾ, പഴയ പിൽഗ്രിം ഷെൽട്ടറുകൾ പൊളിച്ചുമാറ്റി താമ സസൗകര്യത്തിനായി കെട്ടിട സമുച്ചയം, ഗാർ ബേജ് കമ്പോസിറ്റിംഗ് ഷെഡുകൾ മുതലായ

പ്രവർത്തികൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അംഗീകാരത്തിനു വിധേയമായി ഭരണാനുമതി/കരാർ അനുമതി ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. സ്വാമി അയ്യപ്പൻ റോഡിന്റെ വിപുലീകരണത്തിനുള്ള അടങ്കൽ തയ്യാറാക്കിവരുന്നതായും പമ്പ ആക്ഷൻ പ്ലാനിൽപ്പെടുത്തി 320 ലാട്രിനുകളുടെയും കുളിമുറികളുടെയും പണികൾ ശബരിമലയിലും 160 ലാട്രിനുകളുടെ പണികൾ പമ്പയിലും പുരോഗമിക്കുന്നതായും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നിലയ്ക്കലിൽ അക്കോമഡേഷൻ ബ്ലോക്കുകളുടെയും പമ്പ മുതൽ സന്നിധാനം വരെയുള്ള പരമ്പരാഗത പാതയുടെ വശങ്ങളിൽ വിശ്രമ സങ്കേതങ്ങളുടെയും ലാട്രിനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നതായും മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 30 കോടി രൂപ ദേവസ്വം ബോർഡിന്റെ 2009-2010-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ പമ്പ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രാവർത്തികമാക്കാനുള്ള അനുമതി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

Sulathan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 127 26-06-09 -ൽ മറുപടിക്ക്.

## മദ്യപാനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ

| ചോദ്യം: | | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ബാബു<br>" ജി. കാർത്തികേയൻ<br>" വർക്കല കഹാർ | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | മദ്യപാനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് യു.എൻ.-ന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) | ഐക്യരാഷ്ട്ര സഭയിൽ നിന്നും എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം സർക്കാരിന് ലഭിച്ചതായി കാണുന്നില്ല. |
| (ബി) | മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വ്യാജ മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാനായി നടത്തുന്ന ബോധവത്കരണത്തിന്റെ ഭാഗമായി, 2008 ഒക്ടോബർ 2 മുതൽ 8 വരെയുള്ള ഒരാഴ്ച കാലം മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ വാരമായി ആചരിക്കുകയുണ്ടായി. മദ്യത്തിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങൾ വെളിവാക്കുന്ന സംവാദങ്ങൾ,പോസ്റ്റർ പ്രദർശനം, ഡീ അഡിക്ഷൻ ക്യാമ്പ്, ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, റാലികൾ, തെരുവു നാടകം തുടങ്ങിയവ നടത്തി വരുന്നു. ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ, 2009 ഫെബ്രുവരി 11 മുതൽ 24 വരെയുള്ള രണ്ടാഴ്ചക്കാലം ട്രാവലിംഗ് മാജിക് തിയേറ്റർ എന്ന ജാലവിദ്യയിലൂടെയുള്ള ബോധവത്കരണ പരിപാടി സംസ്ഥാനത്തുടനീളം അവതരിപ്പിക്കുകയുണ്ടായി. ഇത്തരം പരിപാടികളിലൂടെ ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരാനും, ഇവയ്ക്കെതിരായുള്ള അവബോധം സൃഷ്ടിക്കാനും വേണ്ട നടപടികൾ, സന്നദ്ധ സംഘടനകളുടെയും മറ്റും പങ്കാളിത്തത്തോടെ നടപ്പിലാക്കി, മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി യത്നിച്ചു വരുന്നു. |
| (ഡി) | ഈ നടപടികൾ മൂലം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ? | (ഡി) | കുറഞ്ഞിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 128

26.06.2009 - ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ നിക്ഷേപവും പ്രവർത്തനവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാജു :<br>ശ്രീ. എൻ. അനിരുദ്ധൻ:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. രാജാജി മാത്യു തോമസ് : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ സഹകരണ ബാങ്കുകളിലെ മൊത്തം നിക്ഷേപം എത്ര കോടി രൂപയാണ്; | (എ) 30-ാമത് നിക്ഷേപ സമാഹരണ യജ്ഞം അവസാനിച്ച 31.3.2009-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപ ബാക്കി നിൽപ്പ് 48075.08 കോടി രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) കേരളത്തിലെ എത്ര സർവ്വീസ് സഹകരണ ബാങ്കുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; | (ബി) 31.3.2008-ലെ സാമ്പത്തിക സ്ഥിതി പ്രകാരം സംസ്ഥാനത്ത് സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ ഓഡിറ്റ് സ്ഥിതി കണക്കിലെടുക്കുമ്പോൾ 652 സർവ്വീസ് സഹകരണ ബാങ്കുകളാണ് ലാഭത്തിൽ പ്രവർത്തിച്ചു വരുന്നത് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ താരതമ്യേന നന്നായി പ്രവർത്തിക്കുന്ന സംസ്ഥാനത്തിലെ വായ്പാ മേഖലയ്ക്ക് കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതിയിനത്തിൽ ഇതിനകം 628.07 കോടി രൂപ ലഭിച്ചതിനാലും സഹകരണ മേഖലയിലെ കിട്ടാക്കടം/കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സംഘടിപ്പിച്ച "കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം പദ്ധതി"യിൻ കീഴിൽ വായ്പാ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചതുമൂല |

വും സംഘങ്ങളുടെ കുടിശ്ശിക ഒരു പരിധി വരെ കുറഞ്ഞ സാഹചര്യത്തിൽ സംഘങ്ങൾ/ബാങ്കുകളുടെ കിട്ടാക്കടം/കുടിശ്ശിക ഇനത്തിലുള്ള കരുതൽ വൻകുറവ് ഉണ്ടാകാനിടയുള്ളതിനാൽ 31.3.09-ലെ സ്ഥിതി സംബന്ധിച്ചുള്ള സംഘങ്ങൾ/ബാങ്കുകളുടെ ആഡിറ്റ് പൂർത്തിയാക്കി കഴിയുമ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകാനിടയുണ്ട്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളെ ലാഭകരമാക്കുന്നതിനും പ്രവർത്തന രഹിതമായവയെ പുന:രുജ്ജീവിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതുമൂലം എത്ര ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളെ ലാഭകരമാക്കുന്നതിനും പ്രവർത്തന രഹിതമായവയെ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. വായ്പാ സംഘങ്ങളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം പദ്ധതി' പ്രകാരം നിഷ് ക്രിയ ആസ്തി പിരിച്ചെടുത്തതും, കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതി പ്രകാരം' വയനാട് ജില്ലയ്ക്കായി സംസ്ഥാനസർക്കാർ കടാശ്വാസ പദ്ധതി പ്രകാരം തുക അനുവദിച്ചതും, കൂടുതൽ നിക്ഷേപം സ്വരൂപിക്കുവാൻ കഴിഞ്ഞതും, ഓഹരി മൂലധനമായി തുകകൾ സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകിയതും നിക്ഷേപ വർദ്ധനവിനനുസൃതമായി വായ്പ ഇടപാടുകൾ വർദ്ധിച്ചതും വഴി ഏകദേശം നൂറോളം സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനം മൊത്തത്തിൽ കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:129     26-6-2009 ൽ മറുപടിയ്ക്ക്

## ജല വൈദ്യുത പദ്ധതികൾക്ക് ഭരണാനുമതി

ചോദ്യം

ശ്രീമതി കെ.എസ്. സലീഖ
ശ്രീ. വി. ചെന്താമരാക്ഷൻ
" എസ്. രാജേന്ദ്രൻ
" രാജു എബ്രഹാം
" വി. ശശികുമാർ

മറുപടി

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) ഏതെല്ലാം ജലവൈദ്യുത പദ്ധതികൾക്ക് പുതുതായി ഭരണാനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

ബി) ഓരോ പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി അറിയിക്കാമോ;

സി) ഓരോ പദ്ധതിക്കും എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

ഡി) പുതിയ പദ്ധതികൾക്ക് കേന്ദ്രാനുമതി നേടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

എ) ബി) & സി) താഴെപറയുന്ന ജലവൈദ്യുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

| പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) | അടങ്കൽ തുക (കോടി രൂപ) |
|---|---|---|
| 1)കക്കയം | 4 | 24.21 |
| 2)അപ്പർ കല്ലാർ | 2 | 12.95 |
| 3)വക്കല്ലാർ | 24 | 152.5 |
| 4)പൂയംകുട്ടി | 210 | 1367.43 |
| 5)പാമ്പാർ | 40 | 225.4 |
| 6)[illegible] | 16 | 163.32 |
| 7)കാരാപ്പുഴ ഡാം ടോ | 0.5 | 2.86 |
| 8)ചിന്നാർ | 24 | 136.22 |

(ഡി) മേൽപറഞ്ഞ പദ്ധതികളിൽ കാരാപ്പുഴ ഡാം ടോ, കക്കയം എന്നീ പദ്ധതികൾ ഒഴികെയുള്ള പദ്ധതികൾക്ക് വനഭൂമി ആവശ്യമായി വരുന്നതിനാൽ കേന്ദ്രവനം മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ലിയറൻസ് ആവശ്യമാണ്. കൂടാതെ 25 മെഗാവാട്ടിന് മുകളിൽ വരുന്ന പദ്ധതികളായ പൂയംകുട്ടി പാമ്പാർ എന്നീ പദ്ധതികൾക്ക് പാരിസ്ഥിതിക അനുമതിയും ആവശ്യമാണ്. കേന്ദ്രാനുമതി നേടുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്; ഇവ ഓരോന്നും എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

(ഇ) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളും അവ പൂർത്തിയാക്കാനുദ്ദേശിക്കുന്ന തീയതിയും ചുവടെ ചേർക്കുന്നു.

| പദ്ധതി | പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|
| 1)കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100MW, 240.5 MU) | 31.10.2009 |
| 2)കുറ്റ്യാടി ടെയിൽ റേസ് (രണ്ട് യൂണിറ്റ് കമ്മീഷൻ ചെയ്തു. മൂന്നാമത്തെ യൂണിറ്റ് മാത്രമേ (1.25 MW) ഇനി കമ്മീഷൻ ചെയ്യുവാനുള്ളൂ). | 30.09.2009 |
| 3) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW, 153.9 MU) | 31.12.2011 |
| 4) തോട്ടിയാർ (40 MW, 99 MU) | 19.5.2012 |
| 5) റാന്നി പെരുനാട് SHEP (4MW, 16.73 MU) | 22.11.2010 |
| 6) പുഴിത്തോട് SHEP (4.8 MW, 10.97 MU) | 30.09.2010 |
| 7) ആഢ്യൻപാറ SHEP (3.5 MW, 9.01 MU) | 31.8.2011 |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 130 26.06.2009 ൽ മറുപടിയ്ക്ക്

### വൈദ്യുതി ഉപഭോക്താക്കൾക്ക് സി.എഫ്.ലാമ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീമതി ഇ. എസ്. ബിജി മോൾ<br>ശ്രീ. കെ. അജിത്<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് സി.എഫ്.ലാമ്പുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട് |
| (ബി) ഓരോ സി.എഫ്. ലാമ്പിനും എന്തു വിലയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഇപ്പോൾ നടപ്പിലാക്കി വരുന്ന ദശലക്ഷം സി.എഫ്.എൽ. കാമ്പയിൻ പദ്ധതിയനുസരിച്ച് സി.എഫ്.ലാമ്പുകൾക്ക് വില ഈടാക്കുന്നില്ല. |
| (സി) എല്ലാ ഗാർഹിക ഉപഭോക്താക്കളും ഇവ ഉപയോഗിച്ചു കഴിയുമ്പോൾ ആകെ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം 10 ലക്ഷം സി.എഫ്. ലാമ്പുകൾ വിതരണം ചെയ്തു കഴിയുമ്പോൾ പീക്ക് സമയത്തെ വൈദ്യുതി ഉപഭോഗത്തിൽ 40 MW കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 131 26.06.2009-ൽ മറുപടിയ്ക്ക്

വൈദ്യുതി തടസ്സമില്ലാതെ നൽകുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ.ബാബു പോൾ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഗുണമേന്മയുള്ള വൈദ്യുതി തടസ്സമില്ലാതെ ഉപഭോക്താക്കൾക്ക് നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. 2008-09 മുതൽ വികേന്ദ്രീകൃത ആസൂത്രണപ്രക്രിയയിലൂടെ ഉപഭോക്തൃ വിഭാഗങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾകൂടി കണക്കിലെടുത്ത് പ്രാദേശികാടിസ്ഥാനത്തിലുള്ള ആവശ്യകത കണ്ടെത്തി ഗുണമേന്മയോടെ തടസ്സമില്ലാതെ വൈദ്യുതി വിതരണം ചെയ്യാനാവശ്യമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. 11-ാം പദ്ധതിക്കാലത്ത് വിതരണരംഗത്ത് 16,496 കി.മീ. 11 കെ.വി. ലൈനും 19,270.13 കി.മീ. എൽ.റ്റി. ലൈനും 11790 എണ്ണം വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിയ്ക്കാൻ ലക്ഷ്യം വയ്ക്കുന്നു. കൂടാതെ 565 കി.മീ 11 കെ.വി. ഭൂഗർഭലൈനുകളും, റിംഗ്മെയിൻ യൂണിറ്റുകൾ സ്ഥാപിയ്ക്കുക എന്നീ പദ്ധതികളും APDRP സ്കീംപ്രകാരം നടപ്പിലാക്കുകവഴി വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുകയും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനും സാധിയ്ക്കും. പ്രസരണ മേഖലയിൽ 11-ാം |

പദ്ധതിക്കാലത്ത് 220 കെ.വി. സബ്സ്റ്റേഷൻ 6 എണ്ണം, 110 കെ.വി. സബ്സ്റ്റേഷൻ 54 എണ്ണം 66 കെ.വി. സബ്സ്റ്റേഷൻ , 6 എണ്ണം, 33 കെ.വി. സബ്സ്റ്റേഷൻ 56 എണ്ണം എന്നിവ ലക്ഷ്യമിടുന്നു.

(ബി) സ്ഥായിയായി വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടെങ്കിൽ അവ ഏതെല്ലാം എന്നും ഇവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നു ണ്ടെന്നും വെളിപ്പെടുത്തുമോ ?

(ബി) 11-ാം പദ്ധതിക്കാലത്ത് 30 പദ്ധതികളിൽ നിന്നായി 610 MW/ **1719.39MU** വൈദ്യുതി ഉല്പാദന ശേഷി വർദ്ധിപ്പിയ്ക്കാനാണ് ലക്ഷ്യമിട്ടിരിയ്ക്കുന്നത് . 2009-12 വർഷങ്ങളിൽ പുതുതായി 434.5 മെഗാവാട്ടിന്റെ 32 ജലവൈദ്യുത പദ്ധതികൾ ടെൻഡർ ചെയ്യാൻ ഉദ്ദേശിയ്ക്കുന്നു. ലിസ്റ്റ് അനുബന്ധ മായി വച്ചിട്ടുണ്ട്.

ചീമേനിയിൽ 2400 മെഗാ വാട്ടിന്റെ ഒരു കൽക്കരി അധിഷ്ഠിത തെർമൽ പ്രോജക്ട് കെ.എസ്. ഐ.ഡി.സി നോഡൽ ഏജൻ സിയായി കെ.എസ്.ഇ. ബോർഡും ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശി യ്ക്കുന്നു. ഒറീസ്സയിലെ വൈതര ണിയിൽ അനുവദിച്ച കൽക്കരി ഖനിയിൽ നിന്നും കൽക്കരി ഖനനം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ ത്തിലുള്ള കേന്ദ്ര നിലയങ്ങളിൽ നിന്നും 1223 MW വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കാറ്റിൽ നിന്നും ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും, വ്യവസായങ്ങളിലെ അധിക ഊർജ്ജം വഴിയും, സ്വകാര്യ സംരംഭകരിലൂടെ പദ്ധതികൾ നടപ്പിൽ വരുത്താനും ശ്രമിച്ച് വരുന്നു. കേന്ദ്ര

ഗവൺമെന്റ് ആസൂത്രണം ചെയ്യുന്ന അൾട്രാമെഗാ പദ്ധതികളിൽ നിന്നും ഇതിനകം 490 MW കേരളത്തിന് നേടിയെടുത്തിട്ടുണ്ട്. പുതിയ ഉല്പാദന പദ്ധതികളിൽ നിന്നും കേന്ദ്ര നിലയങ്ങളിൽ നിന്നും ലഭിയ്ക്കുന്ന വൈദ്യുതി തടസ്സ മില്ലാതെ പ്രസരണം ഉറപ്പുവരു ത്തുന്നതിനായി പ്രസരണ മേഖല യെയും ശക്തിപ്പെടുത്താൻ ഉദ്ദേശി ക്കുന്നു.

സെക്ഷൻ ഓഫീസർ

Works to be tendered before March 2009

1. Chattankottunada Stage-II - 6 MW
2. Vilangad H.E. Project - 7.5 MW
3. Peechi Small H.E. Project - 1.5 MW
4. Mankulam H.E. Project - 40 MW

**55 MW**

Works to be tendered during 2009-2010

1. Anakkayam H.E. Project - 7.5 MW
2. Kakkayam Small HE Project - 4.0 MW
3. Karapuzha Dam Toe - 0.5 MW
4. Barapole H.E. Project - 15 MW
5. Perumthenaruvi Project - 6 MW
6. Poringalkuthu LB Additional Extension (1st stage) - 24 MW
7. Pazhassi Sagar - 20 MW

**77 MW**

Works to be tendered during 2010-2011

1. Sengulam Tail Race Project - 3.6 MW
2. Chimony Small HE Project - 2.5 MW
3. Chembukkadavu Stage III - 6 MW
4. Peruvannamoozhy - 7 MW
5. Upper Kallar Project - 2 MW
6. Peechad Project - 3 MW
7. Thumboormuzhi - 8 MW
8. Western Kallar - 5 MW
9. Koodam - 4.5 MW
10. Chinnar - 24 MW
11. Sengulam Extn. Scheme - 48 MW

**113.6 MW**

Works to be tendered during 2011-2012

1. Kanthanpara - 45 MW
2. Vythiri - 60 MW
3. Ladrum - 3.5 MW
4. Olikkal - 4 MW
5. Poovaramthodu - 2 MW
6. Marmala - 4 MW
7. Pambar - 40 MW
8. Vakkallar - 24 MW
9. Chathankottunada I - 4.5 MW
10. Passukadavu - 2 MW

**189 MW**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 132 — 26.06.2009-ൽ മറുപടിയ്ക്ക്

വൈദ്യുതി വിതരണരംഗം മെച്ചപ്പെടുത്തുന്നതിനായിസ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ് കുമാർ :<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.ബാബു എം. പാലിശ്ശേരി :<br>ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി വിതരണരംഗം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) വൈദ്യുതി വിതരണരംഗം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ താഴെ വിവരിക്കുന്നു.<br>(1). വികേന്ദ്രീകരണ ആസൂത്രണം നടപ്പിലാക്കി.<br>(2) ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി 150 വോൾട്ടേജിൽ താഴെയുള്ള പ്രദേശങ്ങൾ കണ്ടെത്തി വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു.<br>(3) കാലപ്പഴക്കം ചെന്നതും അപകടസാധ്യതയുള്ളതുമായ എ.എ.സി കണ്ടക്ടറുകളും ടീക്ക് വുഡ് പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>(4) ഡിവിഷൻതല സേഫ്റ്റി കമ്മിറ്റികൾ രൂപീകരിച്ചു.<br>(5) തെരഞ്ഞെടുത്ത സെക്ഷനുകൾ മോഡൽ സെക്ഷനുകൾ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു. |

(6) തീരപ്രദേശങ്ങളിൽ വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് റ്റിപ്/റ്റി.ആർ.പി പദ്ധതികൾ നടപ്പിലാക്കി.

(7) കുട്ടനാട് പ്രദേശത്തെ വൈദ്യുത ശൃംഖല മെച്ചപ്പെടുത്തുന്നതിനായി 42 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട് ; വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകൾ പെന്റിംഗിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) മെയ് - 2009ലെ കണക്കനുസരിച്ച് എൽ.റ്റി വിഭാഗത്തിൽ 13,86,000 - വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. 78091 അപേക്ഷകർക്ക് കണക്ഷൻ നല്കുവാനുണ്ട്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ആർ.ജി.ജി.വി.വൈ പദ്ധതി, നിയോജകമണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

(ഡി) ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സർവ്വീസ് കണക്ഷനുള്ള നടപടികൾ ലഘൂകരിച്ചു. അപേക്ഷാഫോറം 2 പേജായി ചുരുക്കിയിട്ടുണ്ട്.

(2) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി ഫെബ്രുവരി മാസത്തിൽ വൈദ്യുതി അദാലത്ത് നടപ്പിലാക്കി.

(3) തെരഞ്ഞെടുത്ത സെക്ഷനോഫീസുകളിൽ പണം സ്വീകരിക്കുന്നതിനുള്ള സമയം പരീക്ഷണാടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു.

4) എല്ലാ സെക്ഷനോഫീസുകളിലും ബില്ലിംഗ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി.

(5) 47 പുതിയ ഓഫീസുകൾ അനുവദിക്കുകയും നിലവിലുള്ള 17 ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള അനുമതി നല്കുകയും ചെയ്തു.

(6) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തുടങ്ങിയ ഉദ്യോഗസ്ഥർ നിർവഹിച്ചിരുന്ന അധികാരങ്ങൾ സെക്ഷനോഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വികേന്ദ്രീകരിച്ചു നൽകി.

(7) കുടിവെള്ള പദ്ധതികളുടെ താരിഫിൽ ഇളവ് അനുവദിച്ചു.

(8) അടഞ്ഞു കിടന്നതും 31.12.2008ന് മുമ്പ് തുറന്ന് പ്രവർത്തിപ്പിച്ചതുമായ വ്യാവസായിക യൂണിറ്റ്കളുടെയും തോട്ടങ്ങളുടെയും അടഞ്ഞുകിടന്ന പീരിയഡിലെ മിനിമം ഡിമാന്റ് ചാർജ്/ഫിക്സഡ് ചാർജ് ഒഴിവാക്കി.

(9) പട്ടിക വർഗ്ഗ കോളനികളിലെ വിച്ഛേദിച്ച് കിടന്ന വൈദ്യുത കണക്ഷനുകൾ പുന:സ്ഥാപിച്ചു.

| | | | |
|---|---|---|---|
| (ഇ) | ഗ്രാമീണ വൈദ്യുതീകരണത്തിനായുള്ള രാജീവ് ഗാന്ധി ഗ്രാമീൺ വിദ്യുത്‌യോജന പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | (ഇ) | ഇടുക്കി ജില്ലയിൽ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** — **26.6.2009-ൽ മറുപടിയ്ക്ക്**

**നിയമസഭ ചോദ്യം നമ്പർ: 133**

**'' തിരുവിതാംകൂർ ദേവസ്വം ബോർഡ് പുന:സംഘടന''**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.എം.മാണി:** | **ശ്രീ. ജി. സുധാകരൻ**<br>**ബഹുമാനപ്പെട്ട സഹകരണവും**<br>**കയറും ദേവസ്വവും വകുപ്പ് മന്ത്രി.** |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് പുന:സംഘടിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്. ;<br><br>(ബി) ഇതിനായി നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് പുന:സംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. നിലവിലുള്ള 1950-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത ധർമ്മസ്ഥാപന നിയമപ്രകാരം ദേവസ്വം ബോർഡിൽ 3 അംഗങ്ങളാണ് ഉള്ളത്. പ്രസ്തുത ദേവസ്വം നിയമത്തിലെ സെക്ഷൻ 4, 63 എന്നിവ ഭേദഗതി ചെയ്യാനും 34 B , 76 C എന്നീ വകുപ്പുകൾ പുതുതായി ചേർക്കുവാനും ഉദ്ദേശിച്ചുകൊണ്ട് തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത ധർമ്മ സ്ഥാപന (ഭേദഗതി) ബിൽ 2009 ബിൽ നമ്പർ 242 ആയി നിയമസഭ മുമ്പാകെ പരിഗണനയ്ക്ക് വച്ചിട്ടുണ്ടെന്നും ഇപ്രകാരം നിയമം ഭേദഗതി വരുത്തുമ്പോൾ ദേവസ്വം ബോർഡുകളിലെ അംഗങ്ങളുടെ എണ്ണം 3ൽ നിന്നും 7 ആയി ഉയരുന്നതായിരിക്കും. ഇപ്രകാരം അംഗങ്ങളുടെ എണ്ണം കൂട്ടുന്നതിനുവേണ്ട നിർദ്ദേശമുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്കായി വച്ചിട്ടുള്ളതിനാൽ ബിൽ പാസായതിനുശേഷം ബോർഡ് പുനഃസംഘടിപ്പിക്കുന്നതാവും ഭരണപരമായ നടപടികൾക്കും തെരഞ്ഞെടുപ്പിനും സൗകര്യപ്ര |

ദം. അതിനാൽ ബിൽ പാസായതിനു ശേഷം ദേവസ്വം ബോർഡുകൾ പുന:സംഘടിപ്പിക്കുവാനാണ് നിലവിൽസർക്കാർ ഉദ്ദേശിക്കുന്നത്.

മേൽ പറഞ്ഞ ഭേദഗതി കൂടാതെ ബോർഡുകളുടെ നിയമവിരുദ്ധമായ തീരുമാനങ്ങളിൽ ഇടപെടാനും ആവശ്യമെങ്കിൽ തിരുത്തുവാനും സർക്കാരിന് അധികാരം ലഭിക്കുന്ന വിധത്തിൽ ഗുരുവായൂർ, കൂടൽമാണിക്യം, മലബാർ ദേവസ്വം നിയമങ്ങളിലുള്ളതുപോലെ റിവിഷൻ അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുവാനായി 34 B, 76 C എന്നീ പുതിയ വകുപ്പുകളും ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) ദേവസ്വം ബോർഡ് പുന:സംഘടിപ്പിക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; | (സി) ചില കാലതാമസം ഉണ്ടാവുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം നിയമ ഭേദഗതിക്ക് ആവശ്യമായിരുന്നു. കാരണം കേരളപ്പിറവിക്ക് മുമ്പ് രാജപ്രമുഖനും കേന്ദ്ര ഗവൺമെന്റും തമ്മിലാണ് തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകൾ സംബന്ധിച്ച കവനന്റിൽ ഒപ്പുവച്ചിട്ടുള്ളത്. കേരള സംസ്ഥാനം നിലവിൽ വന്നശേഷം സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച ഈ ഭേദഗതികൾക്ക് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമായിരുന്നു. 15 മാസത്തിലേറെ കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകൾ പരിശോധിച്ച ശേഷം സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച ഭേദഗതികൾക്ക് അംഗീകാരം നൽകി. അതിനുശേഷം 10മാസങ്ങൾ കടന്നുപോയിട്ടും നിയമനിർമ്മാണം നടത്താൻ നിയമസഭയിൽ കഴിഞ്ഞിട്ടില്ല. അത്തരം കാലതാമസങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നിയമനിർമ്മാണത്തിന് എന്തെങ്കിലും സ്ഥായിയായ തടസ്സങ്ങൾ നിലവിലില്ല. |

| | |
|---|---|
| (ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ? | (ഡി) 2009-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത ധർമ്മ സ്ഥാപന (ഭേദഗതി) ബിൽ നിയമസഭ മുമ്പാകെ ബിൽ നമ്പർ.242 ആയി പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും ബോർഡ് അംഗങ്ങളുടെ എണ്ണം 3ൽ നിന്ന് 7 ആയി ഉയർത്തുവാനുള്ള നിർദ്ദേശം പ്രസ്തുത ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ, ബിൽ പാസാകുന്നതിലെ താമസം മാത്രമേ ഇക്കാര്യത്തിൽ നിലവിലുള്ളൂ. |

Sulalhasan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 134 — 26.06.2009 ൽ മറുപടിയ്ക്ക്

## ഊർജ്ജ മിതവ്യയ വർഷം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. പി. വി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) ഈ വർഷം ഊർജ്ജ മിതവ്യയ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ) 2009-2010 ഊർജ്ജ മിതവ്യയ വർഷമായി ആചരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി അനെർട്ടിന്റെ സഹകരണത്തോടെ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. വഴിവിളക്കുകളുടെ ഊർജ്ജ സംരക്ഷണ പരിപാടി.
2. ആരോഗ്യ ടൂറിസം മേഖലകളിലെ ഊർജ്ജ സംരക്ഷണ പരിപാടി.
3. എൽ.ഇ.ഡി.വിളക്കുകൾ, കാര്യക്ഷമതയുള്ള അടുപ്പുകൾ ഇവയുടെ വിതരണം.
4. ഒരു ദശലക്ഷം സി.എഫ്. ലാമ്പ് വിതരണം.

മുഴുവൻ പട്ടികജാതി പട്ടിക വർഗ്ഗ ഉപഭോക്താക്കൾക്കും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്ഥാപനങ്ങളിലെ ബി.പി.എൽ. ഉപഭോക്താക്കൾക്കുമാണ് ഈ പദ്ധതിയിൽ സൗജന്യമായി സി.എഫ്.എൽ. നൽകുന്നത്.

5. ദശലക്ഷം സി.എഫ്.എൽ. കാമ്പയിന്റെ തുടർച്ചയായി കേരളത്തിലെ മുഴുവൻ

ഉപഭോക്താക്കൾക്കും നാല് സി.എഫ്.എൽ. വരെ ഒന്നിന് 15 രൂപ നിരക്കിൽ വിതരണം ചെയ്യാനുള്ള ഒരു പദ്ധതി രൂപീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ബൾബുകൾക്ക് പകരം സി.എഫ്. എൽ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) | ദശലക്ഷം സി.എഫ്.എൽ.വിതരണത്തിൻെറ തുടർച്ചയായി കാർബൺ ക്രെഡിറ്റ് സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി സി.എഫ്.എൽ. വിളക്കുകൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു സി.എഫ്.എല്ലിന് 15 രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതമായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കിക്കൊണ്ടായിരിക്കും ഈ പദ്ധതി നടപ്പിൽ വരുത്തുക. ഒരു ഉപഭോക്താവിന് 4 സി.എഫ്.എൽ. വരെ നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ; | (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതോടെ പീക്ക് സമയത്ത് ഏകദേശം 350 MW കുറവു വരുമെന്നാണ് കണക്കാക്കുന്നത്. |
| (ഡി) | ഗുണമേൻമയുള്ള സി.എഫ്.എൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ? | (ഡി) | ISI അംഗീകാരമുള്ള സി.എഫ്.എൽ. ആയിരിക്കും വാങ്ങുക. ഇങ്ങനെ വാങ്ങുന്ന സി.എഫ്.എൽ.കൾക്ക് കേന്ദ്ര സർക്കാർ അംഗീകാരമുള്ള ലാബുകളിൽ നിന്നും test certificate - കൾ നിർബന്ധമാക്കും. ഈ ബൾബുകൾക്ക് ഒരു വർഷത്തെ ഗ്യാരൻറി ഉറപ്പു തരുന്ന കമ്പനികളിൽ നിന്നു മാത്രമേ വാങ്ങുകയുള്ളൂ. ഇത്തരത്തിൽ ഗുണമേൻമയുള്ള സി.എഫ്.എൽ.വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 135 26/06/2009-ൽ മറുപടിക്ക്

## പട്ടിക വിഭാഗക്കാരുടെ വായ്പ എഴുതി തള്ളുവാൻ പദ്ധതി

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. കെ.സി. കുഞ്ഞിരാമൻ:
ശ്രീ. ടി.പി. കുഞ്ഞുണ്ണി:
ശ്രീ. എ.സി. മൊയ്തീൻ:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെയും വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) പട്ടികജാതി / പട്ടിക വർഗ്ഗക്കാർ / പരിവർത്തിത ക്രൈസ്തവവിഭാഗങ്ങൾ എന്നിവരുടെ 31/3/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും, കുടിശ്ശികയായിട്ടുള്ളതുമായ 25,000/- രൂപ വരെയുള്ള എല്ലാ വായ്പകളും പലിശയും പിഴപ്പലിശയും എഴുതിത്തള്ളുന്നതാണെന്നും 25,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്നും ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതേ തുടർന്നു സർക്കാർ തുടർനടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. |
| (ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകളാണ് ഈ കടാശ്വാസ പദ്ധതിക്കായി പരിഗണിക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) സർക്കാർ വകുപ്പുകൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പകളാണ് എഴുതി തള്ളുവാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് സാമ്പത്തിക പരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. കൂടാതെ, ഒരു ഗുണഭോക്താവിന് ഒരു വായ്പ മാത്രമേ എഴുതി തള്ളുകയുള്ളൂ. |
| (ഡി) ഈ പദ്ധതി നടപ്പാക്കുന്നതുവഴി എത്ര തുകയുടെ ബാദ്ധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) ഇതു സംബന്ധിച്ചുള്ള സാമ്പത്തിക ബാദ്ധ്യത കണക്കാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 136

26.06.2009- ൽ
മറുപടിക്ക്

## കയർ മേഖലയുടെ അഭിവൃദ്ധിയ്ക്കായി പ്രത്യേക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. ജോസഫ് എം. പുതുശ്ശേരി**<br>**ശ്രീ.തോമസ് ചാഴിക്കാടൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)** |
| (എ) കയർ മേഖലയുടെ അഭിവൃദ്ധിയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | **(എ)** കയർ മേഖലയുടെ പുരോഗതിയും സമഗ്ര വികസനവും സംഘടനയും സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കയർ കമ്മീഷനെ നിയമിക്കുകയും പ്രസ്തുത കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കയർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ 2009-10 വർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കേരളത്തിൽ നിന്നും ഏതൊക്കെ സംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും ആണ് കയറും കയറുല്പന്നങ്ങളും കയറ്റി അയയ്ക്കുന്നത്; ഇവ ഏതൊക്കെ ഉൽപ്പന്നങ്ങളാണ്; | (ബി) കേരളത്തിന് പുറത്തുള്ള ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലേയ്ക്കും കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തുവരുന്നു. പ്രധാനമായും തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണ്ണാടക, ഒറീസ്സ ഗോവ, ഉത്തരാഞ്ചൽ, പഞ്ചാബ്, ഹരിയാന, ഡൽഹി, മഹാരാഷ്ട്ര, ഗുജറാത്ത്, പശ്ചിമ ബംഗാൾ, അസ്സാം, രാജസ്ഥാൻ, ബീഹാർ, ത്രിപുര, കാശ്മീർ, ഉത്തർ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലേയ്ക്കാണ്. 105 വിദേശ രാജ്യങ്ങളിലേയ്ക്ക് കയറും കയർ ഉൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്നുണ്ട്. ഹാൻഡ്‌ലൂം മാറ്റ്സ്, ടഫ്റ്റഡ് മാറ്റ്സ് എന്നിവയാണ് കേരളത്തിൽ നിന്നും കയറ്റി അയയ്ക്കുന്ന പ്രധാന ഉല്പന്നങ്ങൾ. |

(സി) ഇതിൽ ഏറ്റവും കൂടുതൽ ഏത് സംസ്ഥാനത്തേയ്ക്ക്/വിദേശരാജ്യത്തേക്ക് ആണ് കയറ്റുമതി നടത്തുന്നത്;

(സി) ഏറ്റവും കൂടുതൽ ഉല്പന്നങ്ങൾ ഡൽഹിയിലേയ്ക്കാണ്. എന്നാൽ ആഭ്യന്തര വിപണിയെ സംബന്ധിച്ചു ആധികാരികമായ വിവരങ്ങൾ ലഭ്യമല്ലാത്ത പരിമിതിയുണ്ട്. വിദേശത്തേയ്ക്ക് ഏറ്റവും കൂടുതൽ ഉല്പന്നങ്ങൾ കയറ്റി അയയ്ക്കുന്നത് യു.എസ്.എ.യിലാണ്.

(ഡി) ഈ മേഖലയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ പ്രതിവർഷ വരുമാനം എത്രയാണ്; കയർ തൊഴിലാളികൾക്കു നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2008-09 വർഷം പ്രകാരം 639.97 കോടി രൂപയുടെ ഉല്പന്നങ്ങൾ വിദേശ രാജ്യത്തേയ്ക്ക് കയറ്റി അയച്ചിട്ടുണ്ട്. ഇതിൽ ഏകദേശം 83% ഉല്പന്നങ്ങൾ കേരളത്തിൽനിന്നുള്ളതാണ്. കയർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ഉല്പന്നങ്ങൾ വാങ്ങുന്ന ചെറുകിട ഉൽപ്പാദകർ തങ്ങളുടെ തൊഴിലാളികൾക്ക് ന്യായമായ വേതനമാണ് നൽകുന്നതെന്നും ഉറപ്പു വരുത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. ഓരോ പ്രോജക്ട് ആഫീസുകളുടെ പരിധിയിലും പ്രത്യേക യോഗങ്ങൾ വിളിച്ചുകൂട്ടി കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. കയർ തൊഴിലാളി ക്ഷേമനിധി ബോർഡു വഴിനൽകുന്ന കയർ തൊഴിലാളി പെൻഷൻ മാസം 250 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 137

26.06.2009- ൽ മറുപടിക്ക്

# കയറുത്പന്ന കയറ്റുമതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി** | **ശ്രീ. ജി. സുധാകരൻ**<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സാമ്പത്തിക വർഷം കയറുല്പന്ന കയറ്റുമതിയിൽ കുറവു ണ്ടായിട്ടുണ്ടോ; | (എ) 2008 - 09 ലെ കയറ്റുമതിയിൽ 2007 - 08 നേക്കാൾ കുറവു സംഭവിച്ചിട്ടില്ല. എന്നാൽ കേരളത്തിൽ നിന്ന് കൂടുതൽ കയറ്റുമതി ചെയ്യുന്ന പ്രധാന ഉല്പന്നമായ ഹാന്റ്ലൂം മാറ്റിന് 2007 - 08 നേക്കാൾ കുറവ് 2008 -09 വർഷത്തിൽ ഉണ്ടായിട്ടുണ്ട്. |
| (ബി) മുൻ വർഷങ്ങളിൽ നിന്നും എത്ര കുറവാണ് കയർ ഉത്പന്ന കയറ്റു മതിയിൽ ഉണ്ടായിരിക്കുന്നത്; | (ബി) ഹാൻഡ്ലൂം മാറ്റ്സിന്റെ കയറ്റുമതിയിൽ കഴിഞ്ഞ വർഷത്തെക്കാൾ 13.11% കുറവും, ഹാൻഡ്ലൂം മാറ്റിംഗ്സിന്റെ കയറ്റുമതിയിൽ 21.41% കുറവും ടഫ്റ്റഡ് മാറ്റ്സിന്റെ കയറ്റു മതിയിൽ 0.77% കുറവും ഉണ്ടായിട്ടുണ്ട്. |
| (സി) കയറുല്പന്ന കയറ്റുമതിയുടെ 2001 മുതലുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) കയർ കയറ്റുമതിയെ സംബന്ധിച്ച് 2001 മുതലുള്ള കണക്കുകൾ കയർ ബോർഡിൽ നിന്നും ലഭ്യമാക്കിയത് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) ഈ മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നതിന് ഉദ്ദേശിക്കു ന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) കേരളത്തിൽ നിന്നുള്ള കൈത്തറി യിലുണ്ടാക്കുന്ന കയറുല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനമായി കയർ ക്രയവില സ്ഥിരതാ പദ്ധതി വഴി 5% ഡിസ്കൗണ്ട് സംസ്ഥാന സർക്കാർ നൽകി വന്നിരുന്നു. കയറ്റുമതി മേഖലയിൽ പ്രതിസന്ധി ഉളവായ സാഹചര്യത്തിൽ ഇത് 7.5% ആയി വർദ്ധിപ്പിച്ചു. ഇതുകൂടാതെ മുൻവർഷത്തേക്കാൾ കൂടുതലോ തുല്യമോ ഉല്പന്നങ്ങൾ മൂല്യത്തിലോ, അളവിലോ കയറ്റുമതി ചെയ്യുന്നവർക്ക് FOB വാല്യുവിന്റെ 2.5% പ്രത്യേക ഇൻസെന്റീവ് നൽകുന്ന പദ്ധതിയും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 138

26-06-09 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. എം.എം.മോനായി | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 11 പുതിയ റെയ്ഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ഇതുമായി ബന്ധപ്പെട്ട് 278 തസ്തികകൾ പുതുതായി അനുവദിക്കുകയും ചെയ്തു. എക്സൈസ് ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കുറ്റമറ്റതാക്കുന്നതിലേയ്ക്കായി മേജർ ചെക്ക് പോസ്റ്റുകളുടെ ചുമതല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിലാക്കുകയും ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിനുമേൽ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി 95 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും വാങ്ങി വിവിധ ഓഫീസുകൾക്ക് അനുവദിച്ചിട്ടുള്ളതും അവശേഷിക്കുന്ന വാഹനങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് ആയുധങ്ങൾ(പിസ്റ്റൾ) നല്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. ഇതനുസരിച്ച് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള മുഴുവൻ ഉദ്യോ |

ഗസ്ഥന്മാർക്കും ആയുധ പരിശീലനം നല്കിയിട്ടുണ്ട്. രാസപരിശോധനാ ലാബോറട്ടറികളിലെ എക്സൈസ് വിംഗ് നവീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബോറട്ടറികളിൽ കള്ള് പരിശോധിക്കുന്നതിനായി അനലറ്റിക് ഇൻസ്ട്രുമെന്റും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു. എക്സൈസ് വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എക്സൈസ് ഡിവിഷൻ ഓഫീസുകളുടെ മേൽനോട്ടത്തിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ പുതുതായി നിയമിക്കുകയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല നല്കുകയും ചെയ്തു. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി എക്സൈസ് സർക്കിൾ ഓഫീസുകൾ വരെയുള്ള ആഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു. എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നല്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കുള്ള കായിക പരിശീലനം തൃശൂർ പോലീസ് അക്കാഡമിയിൽ നടന്നു വരുന്നു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത ആഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) റേഞ്ച് ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി) എക്സൈസ് വകുപ്പിൽ സ്പാർക്ക് (Spark) സിസ്റ്റം നിലവിൽ വരുന്നതിന്റെ ഭാഗമായി റേഞ്ച് ആഫീസുകളിൽ കമ്പ്യൂട്ടറുകൾ അനുവദിക്കുന്നതിന്റെ നടപടികൾ നടന്നു വരുന്നു. |
| സി) പുതുതായി വനിതാ എക്സൈസ് ഗാർഡുകളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | സി) എക്സൈസ് വകുപ്പിൽ 274 വനിതാ ഗാർഡുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | |
|---|---|
| ഡി) എക്സൈസ് ഉദ്യോഗസ്ഥർക്ക് കൈത്തോക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | ഡി) എക്സൈസ് വകുപ്പിൽ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് പിസ്റ്റളുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ഇ) എക്സൈസ് വിഭാഗത്തിന് അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ഇ) എക്സൈസ് വിഭാഗത്തിന് അത്യാധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 332 മൊബൈൽ ഫോണുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| എഫ്) നവീകരണപരിപാടികൾക്കായി ഈ വർഷം എത്രകോടി രൂപ ചെലവാക്കുമെന്നു വെളിപ്പെടുത്തുമോ? | എഫ്) എക്സൈസ് വകുപ്പ് നവീകരണത്തിനായി "2039-00-001-94-മോഡണൈസേഷൻ ഓഫ് എക്സൈസ് ഡിപ്പാർട്ട്മെന്റ് -34-മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ ഈ വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളതും കൂടാതെ 63 പുതിയ ജീപ്പുകൾ വാങ്ങുന്നതിനും 110 പിസ്റ്റളുകൾ വാങ്ങുന്നതിലേയ്ക്കുമായി 2009-2010 വർഷത്തിൽ 2,42,87,729/- രൂപാ അധികമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 139

26.06.2009- ൽ
മറുപടിക്ക്

## കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്: | (എ) 1) ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കയർ വില്പനശാലയെങ്കിലും എന്ന ലക്ഷ്യത്തോടെ കയർഫെഡ്. കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നിവരുടെ ഉല്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിറ്റഴിച്ചുവരുന്നു.<br>2) സംസ്ഥാനത്തിനകത്തും പുറത്തും വില്പന മേളകളിൽ പങ്കെടുക്കുന്നതിന് മേൽ സ്ഥാപനങ്ങൾക്കും കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെലവിന്റെ 50% എക്സിബിഷൻ ഗ്രാന്റായി അനുവദിച്ചു വരുന്നുണ്ട്.<br>3)കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങളുടെ പ്രധാന നഗരങ്ങളിലെ വിൽപ്പന ശാലകൾ കയർ ഷോപ്പി ആയി മാറ്റി വരുന്നു.<br>4) പുതിയ വില്പന ശാലകൾ ആരംഭിക്കുന്നതിന്റെ 50% പരമാവധി 1,00,000 രൂപ കയർ ഫെഡിനും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും. കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ഗ്രാന്റായി നൽകുന്നു.<br>5) സംസ്ഥാനത്തെ അപക്സ് കയർ പൊതുമേഖലാ സ്ഥാപനങ്ങൾ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ. മറ്റ് കയർ വ്യവസായികൾ എന്നിവയുടെ ഉല്പന്നങ്ങളുടെ വിൽപ്പനയ്ക്കായി ഒരു ഏജൻസി എന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് |

കൺസോർഷ്യം/ ജനകീയ മാർക്കറ്റിംഗ് കമ്പനി 2009-10 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

6) വിദേശ വിപണി ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ചെറുകിട ഉല്പാദക സംഘങ്ങളിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങി കയറ്റുമതിക്കാർക്ക് നൽകി വരുന്നു. കയർ കോർപ്പറേഷനിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 7.50% വരെ റിബേറ്റ് അനുവദിച്ചുവരുന്നു. ഇതു കൂടാതെ മുൻവർഷത്തേക്കാൾ അധികം കൈത്തറിയിലുണ്ടാക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർക്ക് FOB മൂല്യത്തിന്റെ 2.5% ഇൻസെന്റീവും നൽകുന്നതിന് പദ്ധതിയുണ്ട്.

(ബി) വർഷത്തിൽ എത്ര കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ അന്താരാഷ്ട്ര മാർക്കറ്റിൽ വിറ്റഴിയുന്നു എന്ന് വെളിപ്പെടുത്തുമോ ?

(ബി) 2007-08 വർഷം 593 കോടി രൂപയുടെയും 2008-09 വർഷം 640 കോടി രൂപയുടെയും ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര മാർക്കറ്റിൽ കയറ്റുമതി ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 140 26-06-09 -ൽ മറുപടിക്ക്.

**മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ നടപടി**

| ചോദ്യം: ശ്രീ. സി. ടി. അഹമ്മദ് അലി | | ഉത്തരം: ശ്രീ. പി.കെ. ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം എത്ര കണ്ട് വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യത്തിന്റെ ഉപഭോഗം, 2008-09 വർഷത്തിൽ, 2007-08 വർഷത്തേക്കാൾ 17% കൂടുതലാണ്. കള്ളിന്റെ ഉപഭോഗം 2007-08 വർഷത്തെ അപേക്ഷിച്ച് 2008-09 വർഷത്തിൽ 18,23,655 ലിറ്റർ വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വിദേശ മദ്യഷാപ്പുകൾ തുടങ്ങി എന്ന് വ്യക്തമാക്കുമോ; | (ബി) | 85 ബാറുകളും, 18 ബിയർ പാർലറുകളും, 26 വിദേശ മദ്യഷാപ്പുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുതിയ ലൈസൻസ് നൽകുന്നത് നിർത്തി വെക്കാൻ സർക്കാർ തയ്യാറാകുമോ; | (സി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | മദ്യപാനം നിരുൽസാഹപ്പെടുത്തുന്നതിന് വേണ്ടി സന്നദ്ധ സംഘടനകളുടെ സഹായത്താൽ ബോധവൽക്കരണ പ്രചരണ പരിപാടി നടത്താൻ സർക്കാർ തയ്യാറാകുമോ? | (ഡി) | മദ്യപാനം നിരുൽസാഹപ്പെടുത്തുന്നതിന് വേണ്ടി, സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മദ്യലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. സമൂഹത്തിൽ ലഹരിയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങൾ വെളിവാക്കുന്ന സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ അഡിക്ഷൻ ക്യാമ്പ്, ബോധവത്കരണ ക്ലാസുകൾ / സെമിനാറുകൾ, ബോധവത്കരണ റാലികൾ, തെരുവു നാടകം എന്നിവയിലൂടെ മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരാനും, ഇവയ്ക്കെതിരായുള്ള അവബോധം സൃഷ്ടിക്കാനും വേണ്ട നടപടികൾ, സന്നദ്ധ സംഘടനകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ സ്വീകരിച്ചു വരുന്നു. കൂടാതെ, ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് 2008 ഒക്ടോബർ 2 മുതൽ 8 വരെയുള്ള കാലയളവ് മദ്യമയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ വാരമായി ആചരിക്കുകയുണ്ടായി. മദ്യ-മയക്കു മരുന്ന് വിരുദ്ധ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനുവേണ്ടി, 2009 ഫെബ്രുവരി 11 മുതൽ 24 വരെയുള്ള രണ്ടാഴ്ചക്കാലം നീണ്ടു നിന്ന ട്രാവലിംഗ് മാജിക് തിയേറ്റർ പരിപാടി, പ്രശസ്ത മാന്ത്രികൻ ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം അവതരിപ്പിക്കുകയുണ്ടായി. മദ്യലഹരി വിരുദ്ധസന്ദേശം ജനങ്ങളിലെത്തിക്കുന്നതിലേയ്ക്കായി ഒരു ലഘുചിത്ര നിർമ്മാണം പൂർത്തിയായി വരുന്നു. |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 141

26.06.2009 - ൽ മറുപടിയ്ക്ക്

## ' CAPE'-ന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. കെ.സി. ജോസഫ്:<br>ശ്രീ. എ.പി. അനിൽ കുമാർ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എത്ര പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | കേപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഏഴ് പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കു ന്നുണ്ട്. |
| (ബി) | ഈ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് ഇപ്പോൾ ഈടാക്കുന്ന ഫീസ് നിരക്കും ഡെപ്പോസിറ്റും സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കേപ്പിനു കീഴിലുള്ള പ്രൊഫഷണൽ കോളേജുകളിൽ 2008-09 വർഷത്തിൽ താഴെ പറയുന്ന നിരക്കിലാണ് ഫീസ് ഈടാക്കിയത്.<br>**I. മെഡിക്കൽ കോളേജുകൾ (എം.ബി.ബി.എസ് കോഴ്സ്)**<br>1. ഗവൺമെന്റ് ക്വാട്ട(50% സീറ്റുകൾ)- 25,000/- രൂപ പ്രതിവർഷം<br>2. 'മാനേജ്മെന്റ് ക്വാട്ട (35% സീറ്റുകൾ)- 4,35,000/- രൂപ പ്രതിവർഷം<br>3. എൻ.ആർ.ഐ. ക്വാട്ട(15% സീറ്റുകൾ) 9,00,000/- രൂപ പ്രതിവർഷം<br>**II. എഞ്ചിനീയറിംഗ് കോളേജുകൾ**<br>1. ഗവൺമെന്റ് ക്വാട്ട(50% സീറ്റുകൾ)- 6,200/- രൂപ പ്രതിവർഷം<br>2. മാനേജ്മെന്റ് ക്വാട്ട (35% സീറ്റുകൾ)- 65,000/- രൂപ പ്രതിവർഷം |

| | | | |
|---|---|---|---|
| | | | 3. എൻ.ആർ.ഐ. ക്വാട്ട(15% സീറ്റുകൾ) 1,00,000/- രൂപ പ്രതിവർഷം + റീഫണ്ടബിൾ ഡെപ്പോസിറ്റ് 1,25,000/-രൂപ |
| (സി) | ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി ശുപാർശ ചെയ്ത നിരക്കിനേക്കാൾ കൂടിയ ഫീസ് 'കേപ്പ്'-ന്റെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകളിൽ ഈടാക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | മാനേജ്മെന്റ് ക്വാട്ടാ സീറ്റിൽ (35%) എം.ബി.ബി.എസിനും, എഞ്ചിനീയറിംഗിനും ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ച ഫീസ് ഈടാക്കുന്നു. 50% ഗവൺമെന്റ് ക്വാട്ടാ സീറ്റിൽ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ചതിലും കുറഞ്ഞ നിരക്കിലാണ് ഫീസ് ഈടാക്കുന്നത്. ശേഷിച്ച 15% സീറ്റിൽ എം.ബി.ബി.എസിന് 9 ലക്ഷം രൂപ വാർഷിക ഫീസും, ബി.ടെക്കിന് 1 ലക്ഷം രൂപ വാർഷിക ഫീസും 1,25,000 രൂപ തിരിച്ചു നൽകുന്ന ഡെപ്പോസിറ്റായും യഥാക്രമം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ഉത്തരവുകളായ 2.7.08-ലെ ജി.ഒ.(ആർ.റ്റി) നം: 2286/2008/H&FWD, 1.7.08-ലെ ജി.ഒ.(എം.എസ്)നം: 65/2008/H.Edn എന്നിവയിലെ തീരുമാന പ്രകാരം ഈടാക്കുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** | **26.06.2009-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 142**

## സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നൂതന സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ.ടി ജലീൽ<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ വന്നശേഷം സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നൂതന സംരംഭങ്ങൾ ഏതെല്ലാമാണ്; അവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നൂതന സംരംഭങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. സംസ്ഥാനത്ത് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കി.<br><br>2. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടയാളുകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള വായ്പകൾ, പലിശയും പിഴപലിശയും ഉൾപ്പെടെ എഴുതി തള്ളുന്നതിനും, 25,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. സഹകരണ നവരത്നം കേരളീയം എന്ന ചുവടെ പരാമർശിക്കുന്ന ഒൻപതിന കർമ്മ പദ്ധതി നടപ്പിലാക്കി.<br><br>i) <u>സഹകരണ നിക്ഷേപം കേരളീയം</u><br><br>സഹകരണ നിക്ഷേപം കേരളീയം നിക്ഷേപ സമാഹരണ പദ്ധതികളിലൂടെ കഴിഞ്ഞ 3 വർഷം കൊണ്ട് 27,788.85 കോടി രൂപ സഹകരണ സംഘങ്ങളിലൂടെ അധികമായി സമാഹരിക്കുവാൻ കഴിഞ്ഞു. |

ii) <u>കുടിശ്ശിക നിവാരണം ശക്തമാക്കാം കേരളീയം</u>

ഈ പദ്ധതിയിലൂടെ 2007-08 വർഷം 1290.19 കോടി രൂപയുടെയും 2008-09 വർഷം 1072.62 കോടി രൂപയുടെയും നിഷ്ക്രിയ ആസ്തി പിരിച്ചെടുക്കുവാൻ കഴിഞ്ഞു.

iii) <u>സഹകരണ വിപണനം കേരളീയം</u>

ഈ പദ്ധതി പ്രകാരം വിഷു, ഓണം, ക്രിസ്തുമസ്, ബക്രീദ്, റംസാൻ എന്നീ ഉത്സവ വേളകളിൽ പ്രാഥമിക സംഘങ്ങൾ മുഖേന 23,747 ഉം കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ മുഖേന 916 ഉം പ്രത്യേക മാർക്കറ്റുകൾ നടത്തി നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം നിയന്ത്രിക്കുന്നതിനായി പൊതു വിപണിയിൽ ഇടപെട്ടിട്ടുണ്ട്.

iv) <u>സഹകരണ കാർഷികം കേരളീയം</u>

ഈ പദ്ധതി പ്രകാരം നെൽകൃഷിക്ക് പലിശ രഹിത വായ്പയും, മറ്റു കൃഷികൾക്ക് കുറഞ്ഞ പലിശ നിരക്കിലും വായ്പ നൽകി വരുന്നു.

v) <u>സഹകരണ വിദ്യാഭ്യാസം കേരളീയം:</u>

ഈ പദ്ധതി അനുസരിച്ച് എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും സഹകാരികൾ മുൻകൈയെടുത്ത് സഹകരണ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

vi) <u>സഹകരണ ആരോഗ്യം കേരളീയം:</u>

എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളോടും, ജില്ലാ ആശുപത്രികളോടും അനുബന്ധിച്ച് സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ വൈദ്യ പരിശോധനയ്ക്കായി ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

vii) <u>സഹകരണ സാമൂഹ്യം കേരളീയം</u>

വായന സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 2143 സഹകരണ സ്ഥാപനങ്ങളിൽ ലൈബ്രറി

ആരംഭിച്ചിട്ടുണ്ട്. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിനെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. സംഘത്തിൽ നിന്നും കുടിശ്ശിക ഉണ്ടായിരുന്ന റോയൽറ്റി ഇപ്പോൾ കൊടുത്തുതീർത്തിട്ടുണ്ട്.

viii) <u>സഹകരണ അഴിമതി നിവാരണം കേരളീയം</u>

ഈ പദ്ധതി പ്രകാരം സഹകരണ മേഖലയിലെ അഴിമതി അവസാനിപ്പിക്കുന്നതിന് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലിസിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിച്ച് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി.

ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി പ്രത്യേകം ഡയറക്ടറേറ്റ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ix) <u>സഹകരണ പ്രചരണം കേരളീയം</u>

സഹകരണ മേഖലയിലെ കെട്ടിക്കിടക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനായി താലൂക്ക്, ജില്ലാ, സംസ്ഥാന തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചു. സഹകരണ മേഖലയെപ്പറ്റി ജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.

4. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹാവശ്യങ്ങൾക്ക് വായ്പ നൽകുന്നതിന് മംഗല്യസൂത്ര സഹകരണ സംഘം രൂപീകരിക്കുകയും, അതോടൊപ്പം സഹകരണ സ്ഥാപനങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ മംഗല്യസൂത്ര വായ്പകളും മംഗല്യസൂത്ര കാർഷിക വായ്പയും നൽകി വരുന്നു.

5. സഹകരണ മേഖലയിൽ വരുത്തേണ്ടതായ മാറ്റങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ സഹകരണ കോൺഗ്രസ് സംഘടിപ്പിച്ചു.

6. 1.1.1999 മുതൽ 31.7.2006 വരെയുള്ള കാലയളവിൽ കാർഷിക കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ സഹകരണ ബാങ്കുകളിലെ

543 വായ്പകളിലെ 1,46,68,561 രൂപ സർക്കാർ അനുവദിച്ചു.

7. കായംകുളം പ്രൈവറ്റ് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ഇൻഡസ്ട്രിയൽ സംഘത്തിന് 3 കോടി രൂപയും, കണ്ണൂർ പ്രിന്റിംഗ് സഹകരണ സംഘത്തിന് 2 കോടി രൂപയും, 12 കയർ സംഘങ്ങൾക്കായി 1 കോടി രൂപയും പുനരുദ്ധാരണ പ്രവർത്തനത്തിനായി നൽകിയിട്ടുണ്ട്.

8. റബ്കോയുടെ പുനരുദ്ധാരണത്തിനായി എൻ.സി.ഡി.സി. മുഖേന 55.76 കോടി രൂപ അനുവദിച്ചു നൽകി.

9. കുട്ടനാട്ടിലെ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോർ ആരംഭിച്ചു.

10. എറണാകുളം സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ച് കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ മിതമായ നിരക്കിൽ പൊതിച്ചോർ വില്പന നടത്തുവാനുള്ള പദ്ധതി നടപ്പിലാക്കി.

11. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സഹകരണ നവരത്നം ബംബർ ലോട്ടറി സംഘടിപ്പിച്ചു.

12. സഹകരണ സംഘങ്ങൾ മുഖേന കൈത്തറി വസ്ത്രം വാങ്ങുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

13. സംസ്ഥാനത്തെ സഹകരണ കോളേജുകളുടെ സംസ്ഥാനതല യുവജനോത്സവം സംഘടിപ്പിച്ചു.

14. ചിക്കൻ ഗുനിയ, പകർച്ചപ്പനി എന്നിവ ബാധിച്ച പ്രദേശങ്ങളിൽ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയും, ശബരിമല തീർത്ഥാടകർക്കായി സഹകരണ സംഘങ്ങൾ മുഖേന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയുമുണ്ടായി.

15. സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ നിന്നും കടമെടുത്ത് മരണപ്പെടുന്ന വായ്പക്കാരുടെ ബാധ്യത ഒഴിവാക്കുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കി.

മേൽ പ്രധാന പദ്ധതികളുടെ പ്രവർത്തനം സർക്കാർ യഥാസമയം വിലയിരുത്താറുണ്ട്.

| | |
|---|---|
| ബി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം ഹോട്ടൽ ടൂറിസം രംഗത്തു കൂടി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം ഹോട്ടൽ ടൂറിസം രംഗത്തുകൂടി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹോട്ടലുകളിൽ നിന്നും ഭക്ഷണം കഴിക്കുവാൻ നിർബന്ധിതരാകുന്ന ഉദ്യോഗസ്ഥർ, തീർത്ഥാടകർ, ടൂറിസ്റ്റുകൾ എന്നിവരെ ലക്ഷ്യമിട്ടുകൊണ്ട് മിതമായ നിരക്കിൽ മെച്ചപ്പെട്ട ഭക്ഷണം ലഭ്യമാക്കുന്നതിനായി ബഡ്ജറ്റ് ഹോട്ടൽ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| സി) ഏതെല്ലാം സ്ഥലങ്ങളിലാണ് ബഡ്ജറ്റ് ഹോട്ടൽ ആരംഭിക്കുന്നത്; ഹോട്ടൽ സ്ഥാപിക്കുന്നതിനുള്ള കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | സി) തീർത്ഥാടന കേന്ദ്രങ്ങളും ടൂറിസ്റ്റ് കേന്ദ്രങ്ങളും കേന്ദ്രീകരിച്ചാണ് ബഡ്ജറ്റ് ഹോട്ടലുകൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. തീർത്ഥാടന/ടൂറിസ്റ്റ് പ്രാധാന്യം, കുറഞ്ഞ വാടകയിൽ കെട്ടിടത്തിന്റെ ലഭ്യത, വാഹന ഗതാഗത സൗകര്യം തുടങ്ങിയവയാണ് ബഡ്ജറ്റ് ഹോട്ടലുകൾക്കായി സ്ഥലങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം. |
| ഡി) ഈ വർഷം ഏതെല്ലാം കേന്ദ്രങ്ങളിൽ ബഡ്ജറ്റ് ഹോട്ടൽ ആരംഭിക്കും എന്ന് അറിയിക്കുമോ? | ഡി) ഈ വർഷം ഗുരുവായൂരിൽ ബഡ്ജറ്റ് ഹോട്ടൽ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു, അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് പുതിയ ബഡ്ജറ്റ് ഹോട്ടലുകൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 143 — 26.06.2009-ലെ മറുപടിക്ക്.

ആരോഗ്യ ഇൻഷ്വറൻസ് സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് സുരക്ഷാ പദ്ധതി ആരംഭിച്ചുവോ? ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) സംസ്ഥാനത്ത് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 2008 ഒക്ടോബർ 2-ാം തീയതി ആരംഭിച്ച്, എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. |
| (ബി) ഈ പദ്ധതി ഇതുവരെ ആരംഭിക്കാത്ത പക്ഷം ഇതിന് ബദൽ പദ്ധതി നടപ്പാക്കിയോ; | (ബി, സി & ഡി) ബാധകമല്ല |
| (സി) എങ്കിൽ വിശദാംശം നൽകുമോ; | |
| (ഡി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയോ അതിനുള്ള ബദൽ പദ്ധതിയോ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:144 — 26-6-2009 ൽ മറുപടിയ്ക്ക്

### ബൈതരണി പദ്ധതി

| | ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ബൈതരണി പദ്ധതിയുടെ നിർമ്മാണം തുടങ്ങിയിട്ടുണ്ടോ; | എ) | ഒറീസ്സയിലെ ബൈതരണി കൽക്കരി പാടത്ത് നിന്നും കൽക്കരി ഖനനം ചെയ്യുന്നതിനായി ഗുജറാത്ത്, ഒറീസ എന്നീ സംസ്ഥാനങ്ങളോടു ചേർന്നു ബൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ് എന്ന ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) | പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | നിലവിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഏതൊക്കെ സംസ്ഥാനങ്ങളാണ് ഈ പദ്ധതിയിൽ സഹകരിക്കുന്നത്; | സി) | ഗുജറാത്ത്, ഒറീസ എന്നീ സംസ്ഥാനങ്ങളാണ് ഈ പദ്ധതിയിൽ കേരളത്തോടൊപ്പം സഹകരിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ബൈതരണിയിലെ കൽക്കരിഖനി കേരളത്തിന് അനുവദിച്ചു നൽകിയത് കേന്ദ്രസർക്കാരാണ്. മറ്റു സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 145 — 26.06.2009-ൽ മറുപടിക്ക്

## അന്യസംസ്ഥാന നിർമ്മാണതൊഴിലാളികളുടെ സ്ഥിതി വിവര കണക്ക്

| ചോദ്യം<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | മറുപടി<br>ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
|---|---|
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന് കേരളത്തിൽ തൊഴിലെടുക്കുന്ന നിർമ്മാണത്തൊഴിലാളികളെ സംബന്ധിച്ച സ്ഥിതി വിവര കണക്ക് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിൽ വന്ന് തൊഴിലെടുക്കുന്ന അന്യസംസ്ഥാനതൊഴിലാളികളുടെ കണക്കെടുക്കുന്നതിന് തൊഴിൽ വകുപ്പ് ഒരു സർവ്വെ നടത്തി വരുന്നു. |
| (ബി) ഇത്തരം തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ? | (ബി) 1979 ലെ അന്തർ സംസ്ഥാന കുടിയേറ്റത്തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമപ്രകാരം അന്യസംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിൽ ഇവർക്ക് താമസത്തിനും മറ്റ് പ്രാഥമിക ആവശ്യങ്ങൾക്കും തൊഴിലുടമ സൗകര്യം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻസ് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമപ്രകാരം ജില്ലാതലത്തിൽ സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തുകയും, സുരക്ഷാ ക്രമീകരണങ്ങൾ, താമസ സൗകര്യങ്ങൾ തുടങ്ങിയവ നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ പരാതികളിൽ അടിയന്തിര പരിഹാരം കാണുന്നതിനായി എല്ലാ ജില്ലകളിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. മറ്റു ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് നടപടി കൈക്കൊണ്ടു വരുന്നു. കൂടാതെ ഈ വിഭാഗത്തിനു വേണ്ടി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി വരുന്നു. 10 കോടി രൂപ ഈ പദ്ധതിക്കു വേണ്ടി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 146

26.06.2009 - ൽ മറുപടിയ്ക്ക്

### കുറഞ്ഞ പലിശ നിരക്കിൽ സഹകരണ കാർഷിക വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. പി. കൃഷ്ണപ്രസാദ്:<br>ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. മുരളി പെരുനെല്ലി : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കാർഷിക വായ്പ അനുവദിക്കുന്നതിൽ ചില സഹകരണ സ്ഥാപനങ്ങളുടെ ഭാഗത്തുള്ള വിമുഖത അവസാനിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) കാർഷിക വായ്പ അനുവദിക്കുന്നതിൽ വിമുഖത കാണിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ കാർഷികേതര വായ്പാ സഹകരണ സംഘങ്ങളാക്കി മാറ്റാതിരിക്കാൻ കാരണം കാണിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും സംഘങ്ങളുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിയമനാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) കാർഷിക മേഖലയിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) നബാർഡിന്റെ നിർദ്ദേശപ്രകാരം ഹ്രസ്വകാല കാർഷിക വായ്പകൾ പരമാവധി 7% പലിശ നിശ്ചയിച്ച് നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ നൽകുന്നത് സംബന്ധിച്ച് വകുപ്പു തലത്തിൽ വിലയിരുത്തുകയും ചെയ്യാറുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകളുടെ 25% തുക മാത്രമാണ് നിലവിൽ 4% പലിശ നിരക്കിൽ നബാർഡ് പുനർ വായ്പയായി അനുവദിക്കുന്നത്-ബാക്കി വരുന്ന 75% തുക സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ അവയുടെ സ്വന്തം ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. |

അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകൾക്കുമായി 2008-09 വർഷത്തിൽ 503.86 കോടി രൂപയുടെ കാർഷിക വായ്പാ പരിധി നബാർഡ് അനുവദിക്കുകയുണ്ടായി. എന്നാൽ പുനർ വായ്പാതുക പിൻവലിക്കുന്നതിന് സർക്കാർ ഗ്യാരന്റിയോ, സെക്യൂരിറ്റി നബാർഡിന് പണയപ്പെടുത്തുകയോ വേണമെന്ന് നബാർഡ് മാനദണ്ഡം നിഷ്കർഷിക്കുകയും പുനർവായ്പ അനുവദിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ സംസ്ഥാനത്തെ കാർഷിക വായ്പാ വിതരണം മുടങ്ങാതിരിക്കുന്നതിനും അർഹതയുള്ളതും, വായ്പ ആവശ്യമുള്ളതുമായ മുഴുവൻ കർഷകർക്കും കാർഷിക വായ്പ ലഭ്യമാക്കുന്നതിനുമായി സംസ്ഥാന സഹകരണ ബാങ്കിന്റെ കൈവശമുണ്ടായിരുന്ന സെക്യൂരിറ്റി നബാർഡിന് പണയപ്പെടുത്തി 113 കോടി രൂപയുടെ പുനർവായ്പ വാങ്ങുകയുണ്ടായി. പുനർ വായ്പാ സൗകര്യം പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ സംസ്ഥാന/ ജില്ലാ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ അവയുടെ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. കൂടാതെ കടാശ്വാസ പദ്ധതി പ്രകാരം വായ്പാതുക എഴുതി തള്ളിയ കർഷകർക്ക് പുനർ വായ്പ നൽകുന്നതിന് ജില്ലാ സഹകരണ ബാങ്കുകൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച സാഹചര്യത്തിൽ നബാർഡിൽ നിന്നും ആയതിന് സഹായങ്ങൾ ലഭ്യമാകാത്തതുകൊണ്ട് സംസ്ഥാന സഹകരണ ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് ധനസഹായം ലഭ്യമാക്കി കാർഷിക വായ്പ മുടക്കം കൂടാതെ വിതരണം ചെയ്യുകയുമുണ്ടായി. കൂടാതെ 7% പലിശ നിരക്കിൽ സ്വർണ്ണ പണയ കാർഷിക വായ്പകൾ നൽകി വരുന്നു. മാത്രവുമല്ല സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ;നാളികേര കൃഷി, കുരുമുളക്, മറ്റ് പ്ലാന്റേഷൻ ആവശ്യങ്ങൾ,കാർഷിക

അനുബന്ധ ആവശ്യങ്ങൾ കോഴി/താറാവ്/മീൻ വളർത്തൽ, കന്നുകാലി വളർത്തൽ എന്നിവയ്ക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽ കർഷകരെ തിരികെ നെൽകൃഷിയിലേക്ക് കൊണ്ടുവരുന്നതിനും നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ നെൽകൃഷിക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കുകയുണ്ടായി.

| | | | |
|---|---|---|---|
| (സി) | നെൽകൃഷിക്ക് പലിശ രഹിത വായ്പാ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര ലക്ഷം രൂപ വിതരണം ചെയ്തു എന്ന് അറിയിക്കുമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം നെൽകൃഷിക്കുള്ള പലിശ രഹിത വായ്പ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2327.24 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | കാർഷിക മേഖലയിൽ ഈ വർഷം എത്ര കോടി രൂപ വായ്പ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (ഡി) | കാർഷിക മേഖലയിൽ ഈ വർഷം 5000 കോടി രൂപയിൽ കുറയാതെ വായ്പ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഇ) | വായ്പ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | വായ്പ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : **147**

26.06.2009- ൽ മറുപടിക്ക്

## കയറുല്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തര വിപണിയും

**ചോദ്യം**

**ശ്രീ. സി.എം. ദിനേശ് മണി**
**ശ്രീ. ആനത്തലവട്ടം ആനന്ദൻ**
**ശ്രീ. എം.കെ. പുരുഷോത്തമൻ**
**ശ്രീ. സി. കെ. സദാശിവൻ**
**ശ്രീ. പി. വിശ്വൻ**

**ഉത്തരം**

**ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) കേരളത്തിലെ കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തര വിപണിയും പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) ചെറുകിട ഉൽപ്പാദക സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ക്രയവില സ്ഥിരതാപദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വാങ്ങുകയും അവ കയറ്റുമതിക്കാർക്ക് നൽകുകയും ചെയ്യുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്ന് വാങ്ങുന്ന കയറ്റുമതിക്കാർക്ക് 5% റിബേറ്റ് പ്രോത്സാഹനമായി അനുവദിച്ചു വന്നിരുന്നത് 7.5% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കൈത്തറി കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർക്ക് FOB വാല്യുവിന്റെ 2.5% പ്രോത്സാഹനമായി നൽകാൻ ഉത്തരവായിട്ടുണ്ട്. 2009-10 വർഷം മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കയറ്റുമതി ഉൽപ്പന്ന വികസന വിപണന പദ്ധതി (കൈത്തറി കയറ്റുമതി പദ്ധതി) നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വച്ചിട്ടുണ്ട്. ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ വഴി വിറ്റഴിക്കുന്ന പദ്ധതി 21/6/08 മുതൽ നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ പ്രധാന നഗരങ്ങളിൽ ഉത്സവ കാലയളവുകളിൽ വിൽപ്പന മേളകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാന

സർക്കാരിന്റെ ഗ്രാന്റ് കേരള ഫെസ്റ്റിവലിൽ കയർ സ്ഥാപനങ്ങൾ പങ്കെടുത്തു വരുന്നു. കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രധാന നഗരങ്ങളിലെ വിൽപന ശാലകൾ കയർ ഷോപ്പിയായി മാറ്റി വരുന്നു. വിൽപന മേളകളിൽ പങ്കെടുക്കുന്ന വർക്ക് നിബന്ധനകൾക്കു വിധേയമായി കയർ പൊതുമേഖലാസ്ഥാപനങ്ങൾ, കയർഫെഡ്, മാറ്റ്സ് & മാറ്റിംഗ് സംഘങ്ങൾ എന്നിവയ്ക്ക് വിൽപനയുടെ 50% എക്സിബിഷൻ ഗ്രാന്റായും പുതിയ വിൽപന ശാലകൾ ആരംഭിക്കുന്നതിന് 50% പരമാവധി 1ലക്ഷം രൂപവരെ ഷോറൂം ഗ്രാന്റായും നൽകി വരുന്നു.

(ബി) ആഗോള സാമ്പത്തിക മാന്ദ്യം കയർ മേഖലയെ എത്ര മാത്രം ബാധിച്ചിട്ടുണ്ട്;

(ബി) കയർബോർഡിന്റെ റിപ്പോർട്ട് പ്രകാരം ആഗോള സാമ്പത്തിക മാന്ദ്യം കയർ മേഖലയെ പ്രത്യക്ഷത്തിൽ ബാധിച്ചിട്ടില്ല. കൈത്തറിയിലു ണ്ടാക്കുന്ന കയർ ഉല്പന്നങ്ങളുടെ കയറ്റുമതിയിൽ ഇടിവുണ്ടായിട്ടുണ്ട്. പകരം ചകിരിച്ചോറടക്കമുള്ള ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിച്ചതാണ് ഈ കുറവ് പ്രകടമാകാതിരുന്നതിന് കാരണം.

(സി) ഇത് പരിഹരിക്കാൻ എന്തെങ്കിലും പാക്കേജ് ആവിഷ്ക്കരി ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കേരളത്തിൽ സാമ്പത്തിക മാന്ദ്യം ബാധിക്കാതിരിക്കുന്നതിന് ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേ യ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/ ജനകീയ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കയർ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും വൈവിദ്ധ്യവൽക്കരണത്തിനുമായി പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഉൽപ്പാദന ചെലവ് കുറയ്ക്കുന്ന തിലേയ്ക്കുമായി ആധുനിക സ്പിന്നിംഗ് മെഷീനുകൾ നൽകുന്ന പദ്ധതി ആവശ്യമുള്ള പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾ ക്കെല്ലാം തന്നെ വിവിധതരം കയറുകൾ പിരിക്കാൻ കഴിയുന്ന മോട്ടോറൈസ്ഡ് റാട്ടുകളും പരിശീലനവും നൽകുന്ന പദ്ധതി ഇവ നടപ്പിലാക്കി വരുന്നു. കയർ ഉൽപ്പന്നങ്ങ ളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഏകദേശം 15-ൽ പരം പുതിയ കയർ ഉൽപ്പന്നങ്ങൾ വിപണന സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ NCRMI, RIAB-ന്റെ സഹായ ത്തോടെ വികസിപ്പിച്ചെടുത്തതിൽ തെരഞ്ഞെ ടുത്ത 10 എണ്ണം വ്യാവസായികാടിസ്ഥാന

ത്തിൽ നിർമ്മിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്രാന്റ് ബിൽഡിംഗിന്റെ ഭാഗമായി കയർ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിലേയ്ക്കായി കയർ പൊതു മേഖലാസ്ഥാപനങ്ങൾ, കയർഫെഡ്, കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഇ) സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി എല്ലാ പഞ്ചായത്തു കളിലും കയറുൽപ്പന്ന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ?

(ഇ) കയർഫെഡ്, കേരള സ്റ്റേറ്റ് കയർകോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പന്ന ങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ വഴി വിജയകരമായി വിറ്റഴിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ 559 സഹകരണ സംഘങ്ങളിലൂടെ വിൽപന പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 148

26.06.2009 - ൽ മറുപടിയ്ക്ക്

## ജപ്തി നടപടികൾ നിർത്തിവെയ്ക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : | | ശ്രീ.ജി.സുധാകരൻ (സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | നിരവധി കർഷകർ ആത്മഹത്യ ചെയ്ത വയനാട്ടിൽ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻസ്ട്രുമെന്റ് ആക്ട് 2002 (സാർഫാസീസ് ആക്ട്) പ്രകാരം കുടിശ്ശികയുള്ള വായ്പകളിൻമേൽ സംസ്ഥാന സഹകരണ ബാങ്ക് ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് തിരുമാനിക്കുകയോ ആലോചിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻസ്ട്രുമെന്റ് ആക്ട് 2002 (സാർഫാസി ആക്ട്) പ്രകാരം വയനാട് ജില്ലയിലെ കുടിശ്ശികയുള്ള വായ്പകളിൻമേൽ സംസ്ഥാന സഹകരണ ബാങ്ക് ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള വയനാട് ജില്ലയിലെ 46 വായ്പക്കാർ ജാമ്യമായി നൽകിയിരുന്ന 3.36 കോടി രൂപയുടെ വസ്തുവകകൾ സർഫാസി ആക്ട് പ്രകാരമുള്ള നടപടിയ്ക്കു വിധേയമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമപ്രകാരം ജപ്തി നടപടി സ്വീകരിച്ചാൽ ജപ്തിക്ക് വിധേയനായ വ്യക്തിക്ക് കോടതിയിൽ പോകുവാൻ കഴിയുമോ; | (ബി) | പ്രസ്തുത നിയമപ്രകാരം ജപ്തി നടപടി സ്വീകരിച്ചാൽ ജപ്തിക്ക് വിധേയനായ വ്യക്തിക്ക് കോടതിയിൽ പോകുവാൻ കഴിയും |
| (സി) | പ്രസ്തുത നിയമപ്രകാരമുള്ള ജപ്തി നടപടി വയനാട്ടിലെ എത്ര കർഷകരെ ബാധിക്കും; | (സി) | കേരള സംസ്ഥാന സഹകരണ ബാങ്ക് വ്യക്തികൾക്ക് നേരിട്ട് കാർഷിക വായ്പ വിതരണം ചെയ്യുന്നില്ല. ആയതിനാൽ സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടി |

കാർഷിക വായ്പയിൻമേൽ സ്വീകരിച്ചിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും കാർഷികേതര വായ്പയെടുത്ത് കുടിശ്ശിക യായിട്ടുള്ളവർക്കെതിരെയാണ് സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികൾ സ്വീക രിച്ചിട്ടുള്ളത്.

(ഡി) കേരളത്തിൽ കർഷകർക്കെതിരെ സഹകരണ ബാങ്കുകൾ സ്വീകരി ച്ചിട്ടുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിന് നടപടി സ്വീകരി ക്കുമോ ?

(ഡി) കേരളത്തിൽ കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ കാർ ഷിക വായ്പകളിൻമേൽ ജപ്തി നടപടികൾ പൊതുവായി സ്വീകരിക്കുന്നില്ല. എന്നാൽ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത് കുടിശ്ശികയായിട്ടുള്ള കാർഷികേ തര വായ്പകൾ ഈടാക്കുന്നതിൽ ചില സഹകരണ സംഘങ്ങൾ നിയമനാനുസൃത മായ നടപടികൾ കൈക്കൊള്ളാറുണ്ട്. സഹകരണ ബാങ്കുകളുടെ ജപ്തി നടപടി കൾ നിർത്തിവയ്ക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 149 — 26.06.2009-ൽ മറുപടിയ്ക്ക്

കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ.എ. എം. ആരിഫ് :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. പി. ജയരാജൻ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധിയുടെ കാരണം വിശദമാക്കുമോ ; | (എ) 2008-09 വർഷത്തിൽ കാല വർഷവും തുടർന്നുള്ള തുലാവർഷ വും ദുർബലമായത് വൈദ്യുതി ഉത്പാദനത്തിന് ജലവൈദ്യുത പദ്ധതികളെ അധികമായി ആശ്രയി ക്കുന്ന കേരളത്തിന്റെ വൈദ്യുതി മേഖലയെ തികച്ചും പ്രതിസന്ധി യിലാക്കി.കൂടാതെ മൂഴിയാർ വൈദ്യു തി നിലയത്തിലുണ്ടായ അപ്രതീക്ഷിത മായ അപകടവും, കേന്ദ്ര നിലയങ്ങളിലെ ഉല്പാദനം, ഇന്ധന ക്ഷാമം മൂലം കുറച്ചതോടെ കേരളത്തിന്റെ വൈദ്യുതി വിഹിതം കുറഞ്ഞതും പ്രതിസന്ധി രൂക്ഷ മാക്കി. വർദ്ധിച്ചുവരുന്ന വൈദ്യുതി യുടെ ആവശ്യകതക്കാനുപാതികമാ യി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. വിലകൂടിയ താപ വൈദ്യുത നിലയങ്ങളെ സംസ്ഥാന ത്ത് കൂടുതൽ ആശ്രയിക്കേണ്ടി വരുന്നത് ബോർഡിന്റെ സാമ്പത്തിക നിലയെയും ബാധിച്ചു. ഇടുക്കി ജലവൈദ്യുത പദ്ധതിയിലെ വാൽ വുകളിലെ തകരാറു പരിഹരിക്കുന്ന ജോലികൾ ചെയ്യേണ്ടി വന്നതും |

| | |
|---|---|
| | താത്ക്കാലിക പ്രതിസന്ധിക്ക് കാരണമായി. |
| (ബി) കേരളത്തിനുള്ള വൈദ്യുതി വിഹിതത്തിൽ കേന്ദ്ര സർക്കാർ എന്തുമാത്രം വെട്ടിക്കുറവ് വരുത്തി എന്ന് വ്യക്തമാക്കുമോ ; | (ബി) 28.12.2006ൽ പീക്ക് സമയത്തും ഓഫ് പീക്ക് സമയത്തും 1182.02 മെഗാവാട്ട് വൈദ്യുതി ലഭിച്ചിരുന്ന സ്ഥാനത്ത് ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് പീക്ക് സമയത്ത് 1041.39 മെഗാവാട്ടും ഓഫ്പീക്ക് സമയത്ത് 1036.38 മെഗാവാട്ടുമാണ് കേന്ദ്ര വിഹിതമായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇത് പലപ്പോഴും ലഭ്യമാകാറില്ല. കേന്ദ്ര ഉൽപാദന നിലയങ്ങളിലെ ഉൽപാദന കുറവ് മൂലം കേരളത്തിന് 450 മെഗാവാട്ട് വൈദ്യുതി മാത്രം ലഭിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഇപ്പോൾ 850 MW മുതൽ 950 MW വരെ വൈദ്യുതി കിട്ടുന്നുണ്ട്. |
| (സി) അൺ അലോക്കേറ്റഡ് വിഹിതമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നതെന്നും അതിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ ; | (സി) കായംകുളം താപനിലയത്തിൽ നിന്നുള്ള വില കൂടിയ വൈദ്യുതിയ്ക്ക് കോമ്പൻസേഷനായി ലഭിക്കുന്ന 180 MW നു പുറമേ 28.12.2006ൽ പീക്ക് സമയത്തും ഓഫ് പീക്ക് സമയത്തും അനുവദിച്ചിരുന്ന അൺ അലോക്കേറ്റഡ് ഷെയറായ 147.32 മെഗാവാട്ട് വൈദ്യുതി ലഭിച്ചിരുന്നു. എന്നാൽ 25.05.2009-മുതൽ പീക്ക് സമയത്തും, ഓഫ് പീക്ക് സമയത്തും യഥാക്രമം 17.83 മെഗാവാട്ടും 13.00 മെഗാവാട്ടുമായി വെട്ടിക്കുറച്ചിട്ടുണ്ട്. |
| (ഡി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് | (ഡി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | അറിയിക്കുമോ ; | | പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. വൈദ്യുതി സംരക്ഷണത്തിൽ ഉപഭോക്താക്കളെ ബോധവത്ക്കരിക്കുക, വിലകൂടിയ വൈദ്യുതി ട്രേഡേഴ്സിൽ നിന്നും വാങ്ങി കമ്മി പരിഹരിക്കുക, സി.എഫ്.എൽ. ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ഹ്രസ്വകാല നടപടികളും കൂടാതെ എല്ലാ ഊർജ്ജ സ്രോതസ്സുകളും ഉപയോഗപ്പെടുത്തി കൂടുതൽ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കായംകുളം താപനിലയത്തിൽ നിന്നുള്ള എത്ര മെഗാവാട്ട് വൈദ്യുതി ഉപയോഗിക്കുന്നുണ്ട് എന്നും ഈ വൈദ്യുതിക്ക് നൽകുന്ന വില എത്രയെന്നും വിശദീകരിക്കാമോ ? | (ഇ) | കായംകുളം താപനിലയത്തിൽ നിന്നും 180 **MW** കേരളത്തിന്റെ വിഹിതം സംസ്ഥാനത്ത് ഉപയോഗിക്കുന്നു. 2009-10 സാമ്പത്തിക വർഷത്തിൽ കായംകുളം താപനിലയത്തിൽ നിന്നും വാങ്ങിയ ഇനത്തിൽ ആകെ 127.04 കോടി രൂപ ബോർഡ് ഇതുവരെ നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട | 26.6.2009 ൽ |
| ചോദ്യം നമ്പർ. 150 | മറുപടിയ്ക്ക് |

## കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബി രാഘവൻ<br>ശ്രീ. എ.എം. യൂസഫ്.<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു. | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും അധീനതയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**കശുവണ്ടി വികസന കോർപ്പറേഷൻ**<br>കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 2007-08 -ൽ 2.8 കോടി രൂപയും 2008-09-ൽ 15.67 കോടി രൂപയും 2009-10-ൽ 24 കോടി രൂപയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>(1) നിലവിലുണ്ടായിരുന്ന തട്ട് ബോർമകൾക്ക് പകരമായി ഇലക്ട്രിക് ബോർമ ഹോട്ട് എയർ ബോർമ, അനുബന്ധ ഷെഡുകൾ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചു വരുന്നു. |

(2) കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ പുതുതായി ഷെഡ്ഡുകൾ നിർമ്മിക്കുകയും രണ്ട് ഫാക്ടറികൾ ഐ.എസ്.ഒ. നിലവാരത്തിലുള്ളതായി മാറ്റുന്നതിനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങളും മറ്റും നടത്തിവരുന്നു.

(3) നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ഫ്ലക്സി പാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ഫ്ലക്സി പാക്കിംഗ് പരിപ്പിനാണ് മാർക്കറ്റ് ഉള്ളത്.

(4) സി.എഫ്.റ്റി.ആർ.ഐ. യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യു വിറ്റ, കാഷ്യു ബിറ്റ്സ് എന്നീ 4 മൂല്യവർദ്ധിത ഉല്പന്നങ്ങൾ പുതുതായി കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്.

(5) ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

(6) കശുവണ്ടി വികസന കോർപ്പറേഷൻ എസ്.റ്റി.സി.,ഐ.ഐ.എഫ്.റ്റി എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(7) കശുമാങ്ങയിൽ നിന്നും ബയോ ഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരുന്നു.

(8) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉല്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേയ്ക്കുമായി 6000 തൊഴിലാളികളെ പുതിയതായി നിയമിച്ചിട്ടുണ്ട്.

(9) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണ

മേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിലേയ്ക്ക് കോർപ്പറേഷനിലെ പ്രോസസ്സിംഗ് ജീവനക്കാർക്ക് പ്രത്യേക തരം പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

**കാപ്പക്സ്**

(1) 2007-08, 2008-09 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആധുനിക വൽക്കരണത്തിനും പുനരുദ്ധാരണത്തിനുമായി 663 ലക്ഷം രൂപ അനുവദിച്ചു. ഈ തുക കൊണ്ട് കാപ്പക്സിന്റെ അധീനതയിലുള്ള കിളികൊല്ലൂർ, ചെങ്ങമനാട്, പത്തിയൂർ, എരുവ, ഇരവിപുരം തുടങ്ങിയ ഫാക്ടറികൾ പൂർണ്ണമായും പുനർനിർമ്മിച്ചു. ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ, വറുപ്പു പുര, ബോർമ്മപുര, തൊട്ടിപ്പുര, വിശ്രമ മുറികൾ, തോട്ടണ്ടി ഉണക്കുവാനുള്ള യാർഡുകൾ, തോടുപുര, തൊലിപ്പുര, ചിമ്മിനികൾ, ആധുനിക ബാത്ത്റൂമുകൾ, പുതിയ വറുപ്പുമെഷ്യനുകൾ, പുതിയ 13 ഇലക്ട്രിക് ബോർമ്മകൾ, ഓഫീസുമുറികൾ മുതലായവ നിർമ്മിച്ചു. കൂടാതെ കാപ്പെക്സിന് സ്വന്തമായി ഒരു ആധുനിക ഫ്ളെക്സി പാക്കിംഗ് സെന്ററും, ഹെഡാഫീസും കൊല്ലം മുണ്ടയ്ക്കൽ H & C compound- ൽ പണിതുയർന്നുകൊണ്ടിരിക്കുന്നു.

(2) 2009-10-ൽ ആധുനികവൽക്കരണത്തിനായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഇതിന്റെ ഫലമായി ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | കശുവണ്ടി തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ വരുന്ന തൊഴിലാളികൾക്ക് 2008 കലണ്ടർ വർഷം ആകെ 208 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്.<br>കാപ്പക്സിനു കീഴിൽ വരുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് 2008-കലണ്ടർ വർഷം 210 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. |
| (ഡി) | ഫാക്ടറികളിലെ കശുവണ്ടി ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | ആഭ്യന്തര വിപണിയിൽ തോട്ടണ്ടി ലഭ്യമല്ലാത്ത സാഹചര്യത്തിൽ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി ദൗർലഭ്യം പരിഹരിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇറക്കുമതി ചെയ്ത തോട്ടണ്ടി ടെണ്ടർ വിളിച്ചു ആവശ്യാനുസരണം വിലയ്ക്കു വാങ്ങുകയും ചെയ്യുന്നു. മാത്രമല്ല കേരളത്തിലെ കശുവണ്ടി വ്യവസായത്തിനാവശ്യമായ മൊത്തം കശുവണ്ടിയുടെ 50 ശതമാനത്തോളം ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്താണ് ഫാക്ടറികളിലെ കശുവണ്ടി ദൗർലഭ്യം ഇപ്പോൾ പരിഹരിക്കുന്നത്. സംസ്ഥാനത്തിലെ കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം ഗണ്യമായി കുറഞ്ഞതിനാലാണ് ഇങ്ങനെ ഒരു പ്രതിസന്ധി ഉണ്ടായിട്ടുള്ളത്. ഇതു തരണം ചെയ്യാനും കശുവണ്ടി ഉല്പാദനത്തിൽ പരമാവധി സ്വയം പര്യാപ്തത നേടുക എന്ന ഉദ്ദേശത്തോടെയും ആണ് സംസ്ഥാന സർക്കാർ 2007-ൽ "കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ" (KSACC) എന്ന ഏജൻസിക്ക് രൂപീകരണം നൽകിയത്. സംസ്ഥാനത്തെ കശുമാവ് കൃഷിയുടെ മൊത്തം വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും അതു വഴി ഉൽപാദനം വർദ്ധിപ്പിക്കുക എന്നതാണ് ഏജൻസിയുടെ ചുമതല. കശുമാവ് കൃഷി പുനരുജ്ജീവനത്തിന്റെ ഭാഗമായി KSACC ഓരോ ജില്ലകളിലും പഞ്ചായത്തുകളുടേയും, കൃഷി വകുപ്പിന്റെയും സഹകരണത്തോടെ കർഷകർക്ക്, കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം വികസിപ്പിച്ചെടുത്ത അത്യുല്പാദനശേഷിയുള്ള കശുമാവ് |

ഗ്രാഫ്റ്റ് ചെടികൾ സൗജന്യമായും, കൂടാതെ വച്ചു പിടിപ്പിച്ച് പരിപാലിക്കുന്നതിനായി ധനസഹായ വും, സാങ്കേതിക സഹായവും നൽകിവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന്റേയും, സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടെ യാണ്. 4 വർഷം കൊണ്ട് 10,000 ഹെക്ടറിൽ പുതിയ തോട്ടങ്ങളും, 10,000 ഹെക്ടറിൽ പുനർ കൃഷി, കൃഷി പുനരുജ്ജീവനം എന്നിവയാണ് നട പ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ ഇതിനായി 58 കോടി രൂപ ധനസഹായത്തോടെ യുള്ള പദ്ധതി അംഗീകരിച്ചു നൽകി കഴിഞ്ഞു. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പി ലാക്കി വരികയാണ്. ഇതിനും പുറമേ കശുമാവ് കൃഷിയുടെ വ്യാപനത്തിന് KSACC -ക്ക് 3 കോടി രൂപ 2009-10 വർഷത്തെ ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ